
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 39 | THE ONLINE OFFICIAL NEWS BULLETIN | 2024 September 05

SEASON OF TRANSFIGURATION | തേജസ്കരണകാലം | ܥܐܕܐ ܕܓܠܝܢܐ


ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪7 4th Sunday after Shunoyo Feast of the Birth of St. Mary the Mother of God **8**	 ♪3 Comme. of St. Mary's Parents Yuyakim and Hanna **9**	♪7 **10**	♪3 **11**	♪7 **12**	♪3 **13**	 ♪8 ✝ Sleebo The Feast of Holy Cross **14**



വയനാടിനു കൈത്താങ്ങായി ഓർത്തഡോക്സ് സഭയുടെ സഹായ നിധിയിലേക്ക് മാവേലിക്കര ഭദ്രാസനം നൽകുന്ന 25 ലക്ഷം രൂപ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് കൈമാറുന്നു.




പഴഞ്ഞി മാർ ഡയനീഷ്യസ് കോളജിൽ പ. ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്മാരക ബ്ലോക്ക് പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. കോളജ് മാനേജർ ഡോ. ഗീവർഗീസ് മാർ യൂലിയോസ് സമീപം.



മലങ്കര സഭയുടെ വയനാട് പുനരുദ്ധാരണ പദ്ധതിയിലേക്ക് ഇടുക്കി ഭദ്രാസനം സമാഹരിച്ച 15 ലക്ഷം രൂപ പരിശുദ്ധ കാതോലിക്ക ബാവാ യ്ക്ക് ഇടുക്കി ഭദ്രാസന ഇടയൻ സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലിത്താ കൈമാറി. ഒരു ഭവനത്തിന്റെ നിർമ്മാണ ചിലവായ പത്ത് ലക്ഷം രൂപയാണ് ഭദ്രാസനത്തിൽ നിന്ന് നൽകാൻ ആഗ്രഹിച്ചത്. എന്നാൽ ഭദ്രാസനത്തിലെ ഇടവകകൾ ഒറ്റക്കെട്ടായി പരിശ്രമിച്ച് ലക്ഷ്യം മറികടന്നു 15 ലക്ഷം എന്ന തുകയിലെത്തിച്ചേർന്നു.




പാറേട്ട് മാത്യൂസ് മാർ ഈവാനിയോസിന്റെ 44-ാം ഓർമ്മപ്പെരുന്നാൾ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടന്നു. ശുശ്രൂഷകൾക്ക് പ. കാതോലിക്കാബാവായും മെത്രാപ്പോലീത്താമാരും കാർമികത്വം വഹിച്ചു.



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് വേദശാസ്ത്ര സാഹിത്യ സമിതി അധ്യക്ഷൻ

തിരുവല്ല: കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളുടെ സഹകരണത്തിലുള്ള വേദശാസ്ത്ര സാഹിത്യ സമിതിയുടെ പ്രസിഡന്റായി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിനെ തിരഞ്ഞെടുത്തു. മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറിയും നിരണം ഭദ്രാസന അധ്യക്ഷനുമാണ്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വർക്കിംഗ് കമ്മിറ്റി – ആലോചന സമിതി എന്നിവയിൽ അംഗമായിരുന്ന ഫാ. ഡോ. ടി. ജെ ജോഷ്വായുടെ നിര്യാണത്തെ തുടർന്ന് ഒഴിവു വന്ന സ്ഥാനത്തേക്ക് ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പായെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

1064. വെണ്ണിക്കുളം പള്ളിക്കാർക്കു. 12-നു ശനിയാഴ്ച ആ പള്ളിയിൽ എത്തുന്നതിനായി വള്ളം അയച്ചുതരണമെന്നു. ടി തീയതി. ടി സ്ഥലം.

1065. അരികുപുറത്തു ഉമ്മച്ചനു. അനുജന്റെ മരണത്തിൽ അനുശോചിച്ചു. 1096 വൃശ്ചികം 10-നു. കല്ലൂപ്പാറ.

1066. കറത്തേടത്തു ഗീവറുഗീസു കത്തനാർക്കു. കാസാ മോഷണത്തെ സംബന്ധിച്ചും കുളികാട്ടിൽ കത്തനാർക്കു പള്ളിവക സാമാനം മുതലായതു കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1067. കുളികാട്ടു സ്കറിയാ കത്തനാർക്കു. ടി സംഗതിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1068. കോട്ടയ്ക്കൽ ചാക്കോയ്ക്കു (തുമ്പമൺ). പള്ളിവക പുരയിടങ്ങൾ പാട്ടമേല്പിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1069. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. 1096 വൃശ്ചികം 10 -നു. കല്ലൂപ്പാറ.

1070. എ. സി. ജോൺ വക്കീലിനു. വിധിനടത്തു ഹർജി അയക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1071. വർക്കിപ്പിള്ളയ്ക്കു. വിധിനടത്തു കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1072. ചെങ്ങരൂർ പള്ളിക്കാർക്കു. ഈ മാസം 18-നു അവിടെ എത്തുന്നതാണെന്നും മറ്റും. 1096 വൃശ്ചികം 10-നു. കല്ലൂപ്പാറ.

1096 വൃശ്ചികം 10-നു 3 മണിക്കു കല്ലൂപ്പാറ ഗേൾസ് സ്കൂൾ ബാലികാ സമാജത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനു പോയി നാലര മണിക്കു എത്തി.

1073. വെട്ടീപറമ്പിൽ സ്കറിയാച്ചനു. കല്ലൂപ്പാറ വെമ്മേലിക്കുന്നേൽ വി. മത്തായിയെ വാകത്താനം സ്കൂളിൽ ഒരു മുൻഷിയായിട്ടു നിയമിക്കണമെന്നും മറ്റും. 1096 വൃശ്ചികം 12-നു. കല്ലൂപ്പാറ.

1074. കറത്തനല്ലൂർ കുഞ്ഞിനു. അമ്മയുടെ മരണത്തിൽ അനുശോചിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1075. തേരകത്തു കുഞ്ഞിനു. ചിട്ടിക്കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1076. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. ടി കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1077. കങ്ങഴ പള്ളിക്കാർക്കു. ടി പള്ളി സംബന്ധമായ സംഗതികൾ തീർക്കുന്നതിനു പാമ്പാടിൽ റമ്പാച്ചന്റെ പേർക്കു കല്പന അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1078. പാമ്പാടിൽ റമ്പാച്ചനു. ടി സംഗതിക്കും മറ്റും.

1079. വയലപ്പെള്ളിൽ സ്കറിയാ കത്തനാർക്കു. ടി സംഗതിക്കും മറ്റും. ടി തീയതി. ടി സ്ഥലം.

1080. പി. കെ. ഇട്ടി മാത്തുവിന്. ആർത്താറ്റു പള്ളിയിൽ നിന്നു പണം അയക്കാതെ ദുഃഖിക്കുന്നു എന്നും ടിയാന്റെ പണം കൊടുക്കുന്നതാണെന്നുമുള്ള വിവരത്തിനു. 1096 വൃശ്ചികം 17. കല്ലൂപ്പാറ പള്ളി.

1081. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനച്ചന്. യാത്രാതീയതി വിവരത്തിനും പണപിരിവു വിവരത്തിനും മറ്റും. ടി തീയതി. ടി സ്ഥലം.



1082. കല്ലറയ്ക്കൽ കുഞ്ചപ്പന്. കല്യാണത്തിന് വരുന്നതിനു കാർ അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1083. വള്ളക്കാലിൽ ഉണ്ണൂണ്ണിക്ക്. കണക്ക് പഠിപ്പിക്കുന്നതിനു ആളെ നിയമിപ്പാൻ പരസ്യം ചെയ്യണമെന്നും ... ബിൽ സിമ്മനാരിക്കു വന്നതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1084. ഈവാനിയോസ് മെത്രാച്ചന്. യാത്രാവിവരത്തിനും പണപിരിവ് വിവരത്തിനും കാർത്തികപ്പള്ളിയിൽ സൗകര്യംപോലെ ചെന്നു പണപിരിവു നടത്തുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1085. കുടശനാട്ടു പള്ളിക്കാർക്ക്. തേവാത്തേത്ത് കിഴക്കേതിൽ കുഞ്ഞമ്മൻ ചാക്കോയെ മുതൽകെട്ടിനും കീപ്പള്ളിൽ വറീതു വറീതിനെയും ചാമുട്ടത്തു ഈശോ കൊച്ചുകുഞ്ഞിനെയും രണ്ടു പ്രതി കണക്കെഴുതുന്നതിനു, കണക്കെഴുത്തിനും ഈ മാസം 20-നു മുതൽ ഒരാണ്ടേക്ക് നിയമിച്ചു. പള്ളിപണിക്ക് ആവശ്യമുള്ള പണം മുതൽപിടിക്കാരൻ സ്വന്ത കയ്യിൽ നിന്നും മുൻകൂർ എടുത്ത് ചിലവ് ചെയ്യുന്നതിനു അനുവദിച്ചും കല്പന അയച്ചു. 1096 വൃശ്ചികം 16-നു. കല്ലൂപ്പാറ പള്ളി.

1086. കല്ലിനാൽ കുര്യൻ വറുഗീസിന്. യോഗതിരഞ്ഞെടുപ്പ് അപേക്ഷയും ഇല്ലാത്ത സ്ഥിതിക്ക് ടിയാനെ കണക്കനായി നിയമിച്ചു കല്പന തരുന്നതിനു പാടില്ലെന്നും മനസ്സും സൗകര്യവും ഉള്ളപക്ഷം ഒരു പ്രതി കണക്കുകൂടി എഴുതിക്കൊള്ളുന്നതിന് വിരോധമില്ലെന്നും മറ്റും. 1096 വൃശ്ചികം 16-നു. കല്ലൂപ്പാറ പള്ളിയിൽ നിന്നും.

1096 വൃശ്ചികം 18-നു 3 മണിക്കു കല്ലൂപ്പാറ പള്ളിയിൽ നിന്നും മേനാവു മാർഗ്ഗം പുറപ്പെട്ടു വഴിമദ്ധ്യേ പുതുശേരിൽ ഇംഗ്ലീഷ് സ്കൂളിൽ കയറി സ്കൂൾ സന്ദർശിക്കയും കാപ്പി കുടിക്കയും ചെയ്തശേഷം വീണ്ടും പുറപ്പെട്ടു. 5 മണിയോടു കൂടി ചെങ്ങരൂർ പള്ളിയിൽ എത്തി.

1087. കണ്ടത്തിൽ ഈപ്പൻ വക്കീലിനു. മകൻ ഉണ്ണൂണ്ണിയുടെ കല്യാണത്തിൽ ആശീർവദിച്ചും മറ്റും. 1096 വൃശ്ചികം 18-നു. ചെങ്ങരൂർ.

1088. പാതിക്കാട്ടിൽ പള്ളിക്കാർക്കു. ഈ മാസം 25-നു അവിടെ എത്തുന്നതിനു ഒരുക്കമുള്ളവരായിരിക്കണമെന്നും മറ്റും. 1096 വൃശ്ചികം 19-നു ചെങ്ങരൂർ.

1096 വൃശ്ചികം 20-നു 4 മണിക്കു ചെങ്ങരൂർ പള്ളിയിൽ നിന്നും മഞ്ചൽ മാർഗ്ഗം പുറപ്പെട്ടു പുത്തമ്പുരയ്ക്കലും വട്ടച്ചേരിലും കയറിയശേഷം കല്ലറയ്ക്കൽ കുഞ്ചപ്പന്റെ അനുജന്റെ കല്യാണത്തിൽ സംബന്ധിപ്പാനായിട്ടു കാറിൽ കയറി കോട്ടയത്തിനു പോയി. പഴയ സിമ്മനാരിയിൽ താമസിച്ചു. 21-നു 10 മണിക്കു സിമ്മനാരിയിൽ നിന്നും പുറപ്പെട്ടു മനോരമ ചാപ്പലിൽ എത്തി കല്യാണത്തിൽ സംബന്ധിച്ചശേഷം കാറിൽ പുറപ്പെട്ടു വട്ടശേരി പുത്തൻപുരയ്ക്കൽ എത്തി രാത്രി അവിടെ താമസിച്ചു. 22-നു അവിടെ നിന്നും പുറപ്പെട്ടു 10 മണിക്കു ചെങ്ങരൂർ പള്ളിയിൽ എത്തി.

1089. മല്ലപ്പള്ളി വല്യപള്ളിക്കാർക്കു. അടുത്ത ദിവസം ഇവിടെ എത്തണമെന്നും മറ്റും. 1096 വൃശ്ചികം 22-നു. ചെങ്ങരൂർ പള്ളി.

1090. പനയമ്പാല പള്ളിക്കാർക്കു. ഈ മാസം 28-നു അവിടെ എത്തുമെന്നു. ടി തീയതി. ടി സ്ഥലം.

1091. കരപ്പെള്ളിൽ തോമ്മസു കത്തനാർക്കു. അരികുപുറത്തു ഈപ്പച്ചന്റെ അടിയന്തിരത്തിനു സിമ്മനാരി വക ചെമ്പ്, വാർപ്പ് മുതലായ സാമാനങ്ങൾ കൊടുത്തു വാങ്ങിക്കണമെന്നു. 1096 വൃശ്ചികം 22-നു. ചെങ്ങരൂർ.

1092. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 1096 വൃശ്ചികം 24-നു. ചെങ്ങരൂർ പള്ളി.

1093. കാഞ്ഞിരത്തിൽ അലക്സന്ത്രയോസു കത്തനാർക്കും

1094. ചാന്ത്രാവിൽ ഗീവറുഗീസു കത്തനാർക്കും. ടിയാന്മാരുടെ പരാതി കൊച്ചുമെത്രാച്ചന്റെ അടുക്കൽ ബോധിപ്പിക്കണമെന്നു. 1096 വൃശ്ചികം 24-നു. ചെങ്ങരൂർ പള്ളി.

1095. മരത്തുംമൂട്ടിൽ ഗീവറുഗീസു കത്തനാർക്കു. യോഗത്തിന്റെ അപേക്ഷയ്ക്കു തൽക്കാലം നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1096. കെ. റ്റി. തോമ്മാ കത്തനാർക്കു. ഒസ്താത്യോസിന്റെ സാക്ഷിപത്രം വാങ്ങണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1097. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. കായംകുളം പള്ളി മുതൽപിടി സംബന്ധിച്ചു മലരിയച്ചൻ സമ്മതിച്ചിരിക്കയാണെന്നും മറ്റും. 1920 -നു 1096 വൃശ്ചികം 24-നു. ചെങ്ങരൂർ.

1098. കൂളികാട്ടു സ്കറിയാ കത്തനാർക്കു. കരിങ്ങാശ്ര പള്ളി സംബന്ധിച്ച മോഷണക്കേസിനെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

1099. കരപ്പെള്ളിൽ തോമ്മസു കത്തനാർക്കു. സാമാനങ്ങൾ അരികുപുറത്തുകാർക്കു കൊടുക്കണമെന്നു ....

1100. മുരണിയിൽ പള്ളിക്കാർക്കു. അടുത്ത ദിവസം ശനിയാഴ്ച അവിടെ എത്തി ആ പള്ളിയുടെ പെരുന്നാളിൽ സംബന്ധിച്ചു ഉച്ചകഴിഞ്ഞ് അവിടെ നിന്നും പാതിക്കാട്ടിൽ പള്ളിയിലേക്കു പോകുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ അതിലേക്കൊരുക്കമുള്ളവരായിരിക്കണമെന്നും മറ്റും. 1096 വൃശ്ചികം 25. ചെങ്ങരൂർ.

1101. പാതിക്കാട്ടിൽ പള്ളിക്കാർക്ക്. ആ പള്ളിയിലേക്കുള്ള യാത്ര നാളെ ഇവിടെ നിന്നു വേണമെന്നാണ് കല്പന അയച്ചതെങ്കിലും നാളെ കാലത്തെ മുരണിയിൽ പള്ളിയിലേക്കു പോകുന്നതിനാൽ അവിടെ നിന്നു പാതിക്കാട്ടിലേക്കു പോകുവാൻ തക്കവണ്ണം ഒരുക്കമുള്ളവരായിരിക്കണമെന്നും മറ്റും. 1096 വൃശ്ചികം 25-നു. ചെങ്ങരൂർ പള്ളി.

1096 വൃശ്ചികം 26-നു രാവിലെ ചെങ്ങരൂർ പള്ളിയിൽ നിന്നും മേനാവു മാർഗ്ഗം പുറപ്പെട്ടു 7 മണിയോടു കൂടി മുരണി പള്ളിയിൽ എത്തി. വി. കുർബാനാനന്തരം ഏകദേശം മൂന്നു മണിയോടു കൂടി മുരണി പള്ളിയിൽ നിന്നും മേനാവു മാർഗ്ഗം പുറപ്പെട്ടു അഞ്ചു മണിയോടു കൂടി പാതിക്കാട്ടിൽ പള്ളിയിൽ എത്തി.

1102. പുന്നവേലി പള്ളിക്കാർക്കു. ടി പള്ളി സംബന്ധമായ കാര്യങ്ങൾ പറഞ്ഞുതീർക്കുന്നതിനുവേണ്ടി അടുത്ത മാസം 1-നു ഇവിടെ എത്തണമെന്നു. 1920-നു 1096 വൃശ്ചികം 27-നു. പാതിക്കാട്ടു പള്ളി.

1103. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനച്ചനു. നെഞ്ചത്തുണ്ടായ വേദന സുഖപ്പെട്ട വിവരത്തിനും യാത്രാവിവരത്തിനും മറ്റും. 1920-നു 1096 വൃശ്ചികം 28-നു. മല്ലപ്പള്ളി പാതിക്കാട്ടിൽ പള്ളി.

1104. വർക്കിപ്പിള്ളയ്ക്ക്. അയച്ചുതന്ന അന്യായം ഒപ്പിട്ടു റ്റി. സി. ജോൺ വക്കീലിന്റെ പേർക്കയച്ച വിവരത്തിനും ശമ്പളത്തെ സംബന്ധിച്ച വിവരത്തിനും. ടി തീയതി. ടി സ്ഥലം.

1105. വെണ്ണിക്കുളത്തു പള്ളിക്കാർക്കു. ധനു മാസം 7-നു അങ്ങോട്ടുള്ള യാത്രയ്ക്കു മല്ലപ്പള്ളി വലിയപള്ളിക്കടവിലേക്കു വള്ളം അയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1096 വൃശ്ചികം 28-നു ഉച്ചകഴിഞ്ഞു മഞ്ചൽ മാർഗ്ഗം പാതിക്കാട്ടു പള്ളിയിൽ നിന്നു പുറപ്പെട്ടു 4 മണിയോടു കൂടി പനയമ്പാല പള്ളിയിൽ എത്തി.

1106. റാന്നി പകുതിയിൽ ചെറുകുളഞ്ഞി മുറിയിൽ അഞ്ചാനിതടത്തിൽ തോമ്മാ കുഞ്ഞമ്മൻ മുതൽപേർക്ക്. ടി പകുതിയിൽ ടി മുറിയിൽ സർവ്വെ 170/1, 1/241-ാം നമ്പ്ര വസ്തുവിൽ ഒരു പള്ളി വയ്ക്കുന്നതിനു അനുവദിച്ചും മറ്റും. 1920-നു 1096 ധനു 1-നു പനയമ്പാല പള്ളിയിൽ നിന്നും.

വൃശ്ചികം 29-നു പനയമ്പാല പള്ളിയിൽ നിന്നും പുറപ്പെട്ടു മർത്തമറിയം പള്ളി സന്ദർശിച്ച ശേഷം ഉടനെ പനയമ്പാലയ്ക്കു നീങ്ങി. 1096 ധനു 1-നു 9 മണി കഴിഞ്ഞു പനയമ്പാല പള്ളിയിൽ നിന്നും പുറപ്പെട്ടു 10 മണിയോടുകൂടി പാതിക്കാട്ടു പള്ളിയിൽ എത്തി.

1107. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. അപ്പീലിലേക്കു വക്കീലിനെ ഏർപ്പെടുത്തുന്ന സംഗതി സംബന്ധിച്ചു. 1096 ധനു 2-നു. പാതിക്കാട്.

1108. ചാക്കോ സൂപ്രണ്ടിനു. ടി സംഗതി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

1109. ചെങ്ങരൂർ പള്ളിക്കാർക്കു. പണപിരിവിനെ സംബന്ധിച്ച്. 1920-നു 1096 ധനു 2-നു മല്ലപ്പള്ളി പാതിക്കാട്ടിൽ പള്ളിയിൽ നിന്നും.

1110. മലങ്കരയുള്ള എല്ലാ ആത്മീയ മക്കൾക്കും. മല്ലപ്പള്ളി മർത്തമറിയം പള്ളിയിൽ കൂടിനടക്കുന്ന പുതുക്രിസ്ത്യാനികൾക്കു വേണ്ട ധനസഹായം ചെയ്യണമെന്നും മറ്റും. 1920-നു 1096 ധനു 4-നു. പാതിക്കാട്ടു പള്ളി.

1111. മല്ലപ്പള്ളി പാതിക്കാട്ടു പള്ളിക്കാർക്കു. വൈദിക വിദ്യാഭ്യാസത്തിലേക്കാരംഭിച്ചിട്ടുള്ള പണപ്പിരിവു തരാത്തവരുടെ പണം ഉടനെ പിരിച്ചയക്കണമെന്നും അതിലേക്കു വികാരി മുതലായവരെ ഒരു സംഘമായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മറ്റും. 1920-നു 1096 ധനു 4-നു. പാതിക്കാട്ടു പള്ളി.

1096 ധനു മാസം 4-നു 4 മണിക്കു പാതിക്കാട്ടു പള്ളിയിൽ നിന്നും മഞ്ചൽ മാർഗ്ഗം പുറപ്പെട്ടു അഞ്ചര മണിയോടു കൂടി മല്ലപ്പള്ളിൽ വല്യപള്ളിയിൽ എത്തി.

1096 ധനു മാസം 5-നു ഉച്ചയ്ക്കു മേൽ മല്ലപ്പള്ളി വല്യപള്ളിയിൽ നിന്നും വള്ളം വഴിക്ക് പൗവ്വത്തിക്കുന്നേൽ കുടുംബയോഗത്തിൽ സംബന്ധിക്കുന്നതിനായി പോകയും 6-നു രാവിലെ തിരിയെ ഇവിടെ എത്തുകയും ചെയ്തു.

1112. കെ. എം. ഫീലിപ്പോസ് ഇൻസ്പെക്ടർക്ക്. മല്ലപ്പള്ളി പാതിക്കാട്ടിൽ പള്ളി പള്ളിക്കൂടത്തിലെ ... വാധ്യാരായ വി. ഐ. ഫിലിപ്പിനെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ച്. 1920-നു കൊല്ലം 1096 ധനു മാസം 6-നു. മല്ലപ്പള്ളി വല്യപള്ളി.

1113. ഒ. എം. ചെറിയാച്ചന്. മല്ലപ്പള്ളി പാതിക്കാട്ടിൽ പാറക്കൽ പി. ഒ. ഉമ്മൻ എന്ന വാധ്യാരെ സ്ഥിരപ്പെടുത്തി നിയമിക്കുന്നതിനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

1114. പാതിക്കാട്ടു പള്ളിക്കാർക്കു. മർത്തമറിയം പള്ളിയിൽ വച്ചു സമീപ സ്ഥന്മാരായി മനസുള്ള ആളുകളുടെ അടിയന്തിരങ്ങൾ പാതിക്കാട്ടു പള്ളിയിങ്കൽ വരുമാനങ്ങൾ ഏല്പിച്ചശേഷം നടത്തിക്കൊള്ളണമെന്നും മറ്റും. 1096 ധനു 6-നു. മല്ലപ്പള്ളി വല്യപള്ളി.

1115. മേപ്രാൽ പള്ളി മുതലുപിടി കണിയാന്ത്ര വല്യവീട്ടിൽ കൊച്ചവുസേപ്പിനു. അവിടുത്തെ ഇംഗ്ലീഷു സ്കൂളിനു പള്ളിവക മുതൽ ഗവർമെണ്ടിലേക്കു ഫിനാൻഷ്യൽ ഗാരന്റി ആയി ഉപയോഗിക്കണമെന്നു. 1096 ധനു 6-നു. മല്ലപ്പള്ളി പള്ളി.

1116. പനയമ്പാല പള്ളിക്കാർക്കു. നാളതുവരെയുള്ള തിരട്ടു കേട്ടു പാസ്സാക്കി മേലാണ്ടേയ്ക്കു മുതൽകെട്ടിനു പീലിക്കുഴി പടിഞ്ഞാറെ പുരയിടത്തിൽ അവിരാ അവിരായെയും, കണക്കെഴുത്തിനു കൊളത്താപ്പെള്ളിൽ കുര്യൻ തൊമ്മനെയും നിയമിച്ചിരിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1117. ഒ. എം. ചെറിയാച്ചനു. ചങ്ങനാശ്ശേരി ആർ. പാച്ചുപിള്ള എന്നയാളിനു ഒരു വാധ്യാരു ജോലി കൊടുത്താൽ കൊള്ളാമെന്നും മറ്റും. 1096 ധനു 7-നു. മല്ലപ്പള്ളി പള്ളി.

1118. മല്ലപ്പള്ളി വല്യപള്ളിക്കാർക്കു. മേക്കരങ്ങാടു ഔസേപ്പ് ഗീവറുഗീസിനെ മുതൽപിടി ജോലിക്കും ... തോമ്മാ വറുഗീസിനെ കണക്കെഴുത്തു ജോലിക്കും സ്ഥിരപ്പെടുത്തിയിരിക്കുന്നുയെന്നും മറ്റും. 1096 ധനു 7-നു. മല്ലപ്പള്ളി വല്യപള്ളി.

1119. പുന്നവേലിൽ പള്ളിക്കാർക്കു. കുറുഞ്ചിറെ കുഞ്ചെറിയ വറുഗീസിനെ മുതൽകെട്ടിനും രണ്ടു പ്രതി കണക്കുകളെഴുതുന്നതിന് ചോരിക്കാവുങ്കൽ കുഞ്ചെറിയ കുഞ്ചെറിയയെയും പാലംപൊയ്കയിൽ കുര്യൻ കുഞ്ചെറിയയെയും സ്ഥിരപ്പെടുത്തി നിയമിച്ചു കല്പന കൊടുത്തു. ടി തീയതി. ടി സ്ഥലം.

1096 ധനു 7-നു മല്ലപ്പള്ളി വല്യപള്ളിയിൽ നിന്നും വള്ളം മാർഗ്ഗം പുറപ്പെട്ടു 5 മണിയോടു കൂടി വെണ്ണിക്കുളം സ്കൂളിൽ എത്തി. അയിരൂർ പ്രവൃത്തിയിൽ കൊറ്റാത്തൂർ മുറിയിൽ വല്യകാലാ ഉടമ്പുമല പുരയിടത്തിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനു അപേക്ഷാഹാരത്തിൽ തന്നെ അനുവദിച്ചു കൊടുത്തു.

1120. വയലത്തല പള്ളി വികാരി വടശേരിയേത്ത് ഔസേപ്പ് കത്തനാർക്കു. ടിയാന്റെ വൃദ്ധതയിലും രോഗത്തിലും ഇരിക്കുന്ന അപ്പന്റെ മരണസമയം നിശ്ചയമില്ലാത്തതിനാൽ ടി പള്ളിക്കു അടുത്തു ഒരു പുതിയ പള്ളി വക്കുന്നതിനു അനുവദിച്ചിട്ടുള്ള സ്ഥലത്തു കബറടക്കം ചെയ്യുന്നതിനു അനുവദിച്ചു കല്പന കൊടുത്തു. 1096 ധനു മാസം 8-നു വെണ്ണിക്കുളത്തു പള്ളിയിൽ നിന്നും.

1122. കിഴക്കേതലയ്ക്കൽ തോമ്മസു കത്തനാർക്ക്. പെരുമ്പ്രാൽ പാപ്പിക്കു കുർബ്ബാന ചൊല്ലി കൊടുക്കണമെന്നു. 1920-നു 1096 ധനു 10-നു. വെണ്ണിക്കുളം പള്ളി.

1123. കെ. എം. ഫീലിപ്പോസ് ഇൻസ്പെക്ടർക്ക്. വാധ്യാന്മാരുടെ സങ്കടനിവൃത്തി വരുത്തുന്നതിനായി ... ലെ വച്ചു ഒരു യോഗം കൂടുന്നതിനെ സംബന്ധിച്ച്. 1096 ധനു മാസം 10-നു. വെണ്ണിക്കുളം പള്ളി.

1124. റ്റി. വി. ജോൺ ശെമ്മാച്ചന്. പണം അയച്ചുകൊടുക്കുന്നതിനുവേണ്ടി മട്ടയ്ക്കലച്ചന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

1125. മട്ടയ്ക്കൽ മല്പാനച്ചന്. റ്റി. വി. ജോൺ ശെമ്മാച്ചന് പണം (51 രൂപ) അയച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും പണപിരിവു സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

1126. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചന്. തൃശൂർക്ക് പോയി വക്കീൽ രാമചന്ദ്രയ്യരെ കാണുന്നതിനെ സംബന്ധിച്ചുള്ള വിവരത്തിനും അയാളെത്തന്നെ വേണമോ, മറ്റു വല്ലവരെയും ആക്കണമോ എന്നും മറ്റു വിവരങ്ങൾക്കും കല്പന അയച്ചു. ടി സ്ഥലം. ടി തീയതി.

1127. മാക്കാൻകുന്നിലെ യോഗത്തിൽ സംബന്ധിക്കുന്നതിനു ശ്രമിക്കാമെന്നും കൊന്നയിൽ യോഹന്നാനെ സംബന്ധിച്ചും മറ്റും. ടി സ്ഥലം. ടി തീയതി.

1128. മുണ്ടക്കയം പള്ളി വികാരി ഗീവറുഗീസു കത്തനാർക്ക്. കുർബ്ബാന രണ്ടായി കൊടുത്തു കൂടാ എന്നും അങ്ങനെ ചെയ്യുന്നതിനു ശ്രമിക്കാതിരിക്കണമെന്നും ഇടവകജനങ്ങളെ ഉപദേശിക്കണമെന്നും. ടി സ്ഥലം. ടി തീയതി.

1129. കാരുവേലിൽ പുത്തൻപുരയിൽ കുഞ്ചെറിയയ്ക്ക്. കർമ്മേലിലെ സംഗതികളെ സംബന്ധിച്ചും മറ്റും. ടി സ്ഥലം. ടി തീയതി.

1130. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്ക്. ഇംഗ്ലീഷ് പള്ളിക്കൂടത്തെ സംബന്ധിച്ചും മറ്റും. ടി സ്ഥലം. ടി തീയതി.

1131. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്ക്. മാസിക പുറപ്പെടുവിക്കുന്നതിനെ സംബന്ധിച്ചു ആവശ്യപ്പെട്ടിരുന്നതനുസരിച്ചു എപ്പോഴെങ്കിലും 100 രൂപാ അയച്ചുതരാമെന്നുള്ളതിനെ സംബന്ധിച്ച്. ടി സ്ഥലം. ടി തീയതി.

1132. പുരക്കൽ പോത്തച്ചന്. അയാളുടെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു കല്പന അയച്ചു. ടി സ്ഥലം. ടി തീയതി.

1133. കാരാട്ടുകുന്നേൽ പള്ളിക്കാർക്കു. വാലേൽ പുത്തൻപുരയിൽ പോത്തൻ അബ്രഹാത്തിനെ മുതൽപിടിക്കായും മറുകഞ്ചിറ കുര്യൻ നയിനാനെ കണക്കനായും സ്ഥിരപ്പെടുത്തിയിരിക്കുന്നതായി കല്പന അയച്ചു. ടി സ്ഥലം. ടി തീയതി.

1134. ഈവാനിയോസ് മെത്രാച്ചന്. മാവേലിക്കര ഇംഗ്ലീഷ് സ്കൂളിനെ സംബന്ധിച്ച് ഡയറക്ടറുടെ പേർക്ക് അപേക്ഷ അയച്ച വിവരത്തിനും സഞ്ചാരവും പണപിരിവും സംബന്ധിച്ച വിവരത്തിനും. ടി സ്ഥലം. ടി തീയതി.

1096 ധനു 12-നു വെണ്ണിക്കുളം പുതുക്രിസ്ത്യാനികളുടെ പള്ളിയിൽ പോയി വി. കുർബ്ബാന ചൊല്ലി. 12 മണിക്കു അവിടെ നിന്നും പുറപ്പെട്ടു വെണ്ണിക്കുളം പള്ളിയിൽ എത്തി.

കവുങ്ങുംപ്രയാർ പെരിനേത്തുഴവു ചേരിക്കലിൽ പടിഞ്ഞാറു വടക്കടുത്തു ഒരു പള്ളി സ്ഥാപിക്കുന്നതിനു അനുവദിച്ചു. 1096 ധനു 12-നു വെണ്ണിക്കുളം.

1135. വെണ്ണിക്കുളം പള്ളിക്കാർക്കു. കാഞ്ഞിരത്തുങ്കൽ പുതുക്രിസ്ത്യാനികളുടെ പള്ളിപണി നടത്തിപ്പിലേക്കും മറ്റുമായി മുതൽകെട്ടിനു ചുരുളുക്കഴി പുത്തമ്പുരയ്ക്കൽ ഉമ്മനെയും കണക്കെഴുത്തിനു മാംതോട്ടത്തിൽ ഈപ്പൻ അവിരായെയും നിയമിച്ചിരിക്കുന്നുയെന്നും പിടിയരി മുതലായ വരുമാനങ്ങൾ വരുത്തി പണി നടത്തണമെന്നും മറ്റും. 1920-നു 1096 ധനു 10-നു. വെണ്ണിക്കുളം പള്ളി.

ധനു 12-നു 5 മണിക്കു വെണ്ണിക്കുളം പള്ളിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു രാത്രി 7 മണിക്കു കല്ലൂപ്പാറ പള്ളിയിൽ എത്തി.

1136. മല്ലപ്പള്ളി വല്യപള്ളിക്കാർക്കു. പണം പിരിച്ചു ഓറിയന്റൽ ബാങ്കിൽ അയച്ചു കണക്കു എഴുതി അയക്കണമെന്നു. 1096 ധനു 13-നു. കല്ലൂപ്പാറ പള്ളി.

1137. മല്ലപ്പള്ളി പാതിക്കാടു പള്ളി മുതൽപിടി മേലേത്തറയിൽ അവിരാ അവിരായ്ക്ക്. ടി പള്ളിയുടെ ... വകയ്ക്കായി തൽക്കാലം പണിവകയിൽ പണം 300 രൂപാ വരെ കടം വാങ്ങിച്ചുകൊള്ളുന്നതിന് അധികാരപ്പെടുത്തി കല്പന കൊടുത്തു. 1096 ധനു മാസം 13-നു കല്ലൂപ്പാറ പള്ളിയിൽ നിന്നും.

1138. ഒ. എം. ചെറിയാച്ചനു. തോട്ടുപുറത്തു ശ്രീ എ. വറുഗീസിന് സ്വദേശത്തിനടുത്തു ഒരു സ്ഥലത്തേക്കു മാറ്റം കൊടുക്കണമെന്നു ശുപാർശക്കത്തയച്ചു. 1096 ധനു 14-നു. കല്ലൂപ്പാറ പള്ളി.

1139. മുണ്ടപ്ലാക്കൽ യാക്കോബ് കത്തനാർക്കു. ടിയാനും മുതൽപിടിക്കാരനും കണക്കനും കൂടി പിരിഞ്ഞ പണത്തിന്റെ ലിസ്റ്റും പണവുംകൊണ്ടു നാളെ ഇവിടെ വന്നുചേരണമെന്നു. ടി സ്ഥലം. ടി തീയതി.

1140. കൊച്ചുമെത്രാച്ചന്. കലയപുരത്തുകാരൻ ശെമ്മാച്ചന്റെ പട്ടംകൊടയെ സംബന്ധിച്ച്. 1096 ധനു 15-നു കല്ലൂപ്പാറ പള്ളിയിൽ നിന്നും.

1141. പുന്നവേലി പള്ളിക്കാർക്ക്. പണപിരിവിനെ സംബന്ധിച്ചും ടി പള്ളി കപ്യാർ തോമ്മായുടെ മുടക്കിനെ സംബന്ധിച്ചും. ടി സ്ഥലം. ടി തീയതി.

1142. വെൺമണി പള്ളി പടിഞ്ഞാറ്റേതിൽ വർക്കി തോമ്മായ്ക്ക്. ആ പള്ളി വക പഴയ കണക്കുപുസ്തകങ്ങളെ സംബന്ധിച്ച്. ടി സ്ഥലം. ടി തീയതി.

1143. തെക്കേത്തലയ്ക്കൽ ഗീവറുഗീസു കത്തനാർക്ക്. വരുവാനുള്ള പണത്തിന്റെ അവധി തെറ്റിക്കരുതെന്നും പഴയ കണക്കുകളെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

1144. ഓമല്ലൂർ പീടികയിൽ ഗീവറുഗീസു കത്തനാർക്ക്. കോൺഫ്രൻസിൽ സംബന്ധിക്കുന്നതിനെയും ... സംബന്ധിച്ചും. ... കല്പന അയക്കുന്നതിനെ സംബന്ധിച്ചും. 1096 ധനു 15-നു. കല്ലൂപ്പാറ.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാചരിത്രം

സ്ളീബാദാസ സമൂഹ സ്ഥാപനം

പി. പി. വർക്കി & കെ. വി. മാമ്മൻ

സ്ലീബാദാസ സമൂഹത്തിന്റെ ശതാബ്ദി 2024 സെപ്റ്റംബർ 14-ന് ആഘോഷിക്കുന്നു. സമൂഹത്തിന്റെ സ്ഥാപനത്തെക്കുറിച്ച് പത്രോസ് മാർ ഒസ്താത്തിയോസിന്റെ ജീവചരിത്രത്തിൽ നിന്നും.

ചെറുപ്പം മുതലേയുണ്ടായിരുന്ന അധഃകൃതോദ്ധാരണ ചിന്താഗതി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം വളർന്നുകൊണ്ടിരുന്നു. റോഡിൽ കൂടി നടക്കാൻ കഴിയുമാറാക്കിയതിലോ, അവർക്കായി ചില കോളനികൾ ഉടലെടുത്തതിലോ ഏതാനും കിണറുകൾ അധഃകൃതർക്കായി അങ്ങുമിങ്ങും കുഴിപ്പിച്ചതിലോ അവരുടെ കുട്ടികൾക്കുള്ള സ്കൂൾ പ്രവേശനം സാദ്ധ്യമാക്കിയതിലോ അവരുടെ സമ്പൂർണ്ണമായ രക്ഷയോ ശരിയായ ഉദ്ധാരണമോ കാണുവാനും സംതൃപ്തനാകുവാനും തിരുമേനിക്കു കഴിഞ്ഞില്ല. തിരുമേനിക്കു കിട്ടിയ ദർശനം അക്കാര്യങ്ങൾ കൊണ്ട് പൂർത്തിയായില്ല. തിരുമേനിയുടെ വിളി അക്കാര്യങ്ങൾക്കു മാത്രമല്ലായിരുന്നു. “താണജാതിക്കാരുടെ ഉയർച്ചയ്ക്കും സഞ്ചാരസ്വാതന്ത്ര്യത്തിനുമായി കൊച്ചി അപ്പൻ തമ്പുരാൻ, സർ നാരായണ ചന്ദ്രവർക്കർ, സർ സദാശിവയ്യർ മുതലായവരുടെ അദ്ധ്യക്ഷതയിൽ ഞാൻ നടത്തിയ മഹായോഗങ്ങളുടെ കാലത്തും, ദിവാൻ സർ ടി. വിജയരാഘവാചാരി കൊച്ചിയിലെ അധഃകൃതരുടെ സ്പെഷ്യൽ ഓഫീസറായി എന്നെ കുറെക്കാലത്തേക്കു നിയമിച്ച് ഞാൻ ആ ജോലി ചെയ്തിരുന്ന കാലത്തും എനിക്കു തോന്നീട്ടുള്ളത് അധഃകൃതർക്ക് എത്രയും നിർബന്ധമായി ആവശ്യമായിരിക്കുന്നത് യേശുമിശിഹാ ആണെന്നാകുന്നു” എന്നു തിരുമേനി സമൂഹത്തിന്റെ പ്രഥമ റിപ്പോർട്ടിൽ പറയുന്നു. “മറ്റൊരുത്തനിലും രക്ഷയില്ല. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല (അ. പ്രവൃത്തി 4:12). എന്ന അപ്പോസ്തോലപ്രമുഖനായ പത്രോസ് ശ്ളീഹായുടെ വചനം ഈ പത്രോസിനെയും ആവേശഭരിതനാക്കി. തിരുമേനി മദനപ്പള്ളിയിൽ തനിക്കുണ്ടായിരുന്ന മാന്യമായ ഉദ്യോഗം രാജിവച്ചു മുളന്തുരുത്തിക്കടുത്ത ആമ്പല്ലൂരെത്തി മാന്തുരുത്തേൽ പള്ളിമേടയിൽ താമസമാക്കിക്കൊണ്ട്, വേദസംബന്ധമായ ചിത്രച്ചുരുളും വിളക്കും കൈത്താളവുമായി പുലമാടംതോറും തനിച്ച് സഞ്ചരിച്ച് ഉപദേശം ചെയ്തുവന്നു.” 1924 കന്നിയിൽ (1100) അങ്ങനെ ‘സ്ലീബായുടെ ദാസന്മാർ” എന്ന സമൂഹം സ്ഥാപിതമായി.

സ്ലീബായുടെ ദാസന്മാർ
(അബ്ദേദ സ്ലീബോ - Servants of the cross)

ആംഗ്ലിക്കൻ ബിഷപ്പ് മൂർ തിരുമേനി ഒരിക്കൽ പറഞ്ഞു. “എത്ര മനോഹരമായ പേര്. ഇതിൽ നല്ല ഒരു പേരു തെരഞ്ഞെടുക്കുവാനില്ല. ഈ പേരിൽ നിങ്ങളോട് എനിക്ക് അസൂയ തോന്നുന്നു” എന്ന്. “അബ്ദേദസ് ലീബോ” വളരെ ചെറിയ ഒരാരംഭമായിരുന്നു. മറ്റു പ്രസിദ്ധങ്ങളായ പല മിഷനറി സമൂഹങ്ങളെയും പോലെയായിരുന്നില്ല ഈ സമൂഹത്തിന്റെ ആരംഭം. സഭയിലെ ചിന്തകന്മാരും ഉന്നതന്മാരുമായ മെത്രാപ്പോലീത്താന്മാരുടെയും നേതാക്കന്മാരുടെയും ആലോചനയോടും അറിവോടും സമ്മതത്തോടും കൂടിയായിരുന്നില്ല ഈ സമൂഹമുടലെടുത്തത്. മുൻകൂട്ടി ഈ സമൂഹത്തിന് നിയമാവലികളും അനുസരണചട്ടങ്ങളും ഉണ്ടാക്കിയിരുന്നില്ല. തന്റെ കൂടെ ആരെല്ലാം ഈ വേലയ്ക്കിറങ്ങിത്തിരിക്കുമെന്ന് തിരുമേനിക്കറിഞ്ഞുകൂടായിരുന്നു. ഇതിനെയും ഒരു ധൃതഗതിക്കാരന്റെ ഒരെടുത്തുചാട്ടം എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാവുന്നതാണ്. ഒരു വിപ്ലവകാരിയുടെ മറ്റൊരു പുറപ്പാട്. എന്നാൽ ഈ എടുത്തുചാട്ടത്തിനു പുറകിൽ ആഴമായ ദൈവബോധവും ഉത്തമവിശ്വാസവും ഉണ്ടായിരുന്നു. ദൈവത്താൽ താൻ ഇതിനായി തികച്ചും വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധം തന്നെ പുറകോട്ടു മാറുവാനോ മുഖംതിരിക്കുവാനോ നിവൃത്തിയില്ലാത്തവണ്ണം നിർബന്ധിച്ചു.

അങ്ങനെ പിന്നീട് സുറിയാനിസഭയ്ക്ക് തികച്ചും അഭിമാനിക്കുവാൻ വകനല്കിയ സമൂഹം സകലത്തിനും കഴിവുള്ള സ്വർഗ്ഗസ്ഥപിതാവിന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ട്, തന്നെ വിളിച്ചവൻ വിശ്വസ്തനാണെന്നുള്ള ആഴമായ ബോധത്തോടുകൂടി സ്ഥാപിതമായി.



ഡീക്കൻ എം. പി. പത്രോസ്

സമൂഹമാരംഭിക്കുന്ന കാലഘട്ടം കൂടിയാലോചനയ്ക്കും മറ്റും അത്ര പറ്റിയതുമായിരുന്നില്ല. 1085 മുതൽ മെല്ലെ ഉടലെടുത്ത കക്ഷിവഴക്കിന്റെ തീച്ചൂളയിൽ സഭ എരിയാതെ ദഹിക്കുകയായിരുന്നു. ‘‘ബാവാക്കക്ഷി’’, “മെത്രാൻകക്ഷി” എന്നു രണ്ടു ചേരിയായ് തിരിഞ്ഞു ഒരമ്മയുടെ മക്കൾ, സഹോദരന്മാർ തമ്മിൽ പരസ്പരം പട വെട്ടുകയായിരുന്നു. സഭയുടെ സർവ്വപ്രധാനമായ ധർമ്മം സുവിശേഷഘോഷമാണെന്ന് എല്ലാവർക്കും “ചീർപ്പിക്കുന്ന” അറിവുണ്ടായിരുന്നെങ്കിലും അതേപ്പറ്റി കാര്യമായി ചിന്തിക്കുവാനും കർമ്മപഥത്തിൽ എത്തിക്കുവാനും സമയമില്ലായിരുന്നു.

എന്നാൽ “അദ്ഭുതാവഹമായ ഒരാദ്ധ്യാത്മികചൈതന്യമാണ് മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശനിൽ കൂടി സഭാമണ്ഡലത്തിൽ പ്രസരിച്ചത്. ബ്രാഹ്മണസമമായ ആഭിജാത്യബോധമുള്ള സുറിയാനി ക്രിസ്ത്യാനികൾക്കു പുലയരും പറയരുമൊരുമിച്ച് നിന്നാരാധിക്കുക അചിന്ത്യമായിരുന്നു. കക്ഷിത്വം സംബന്ധിച്ച പ്രശ്നങ്ങളും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്നു. കാൽനടയായി അലഞ്ഞുതിരിഞ്ഞ് മനുഷ്യരുടെ അധിക്ഷേപത്തെയും എതിർപ്പിനെയും സവിനയം സവിശ്വാസം നേരിട്ട് പട്ടിണി കിടന്നും കഷ്ടത സഹിച്ചും പുലമാടംതോറും കയറിയിറങ്ങി ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുകയും അങ്ങനെ അറിയിക്കുവാൻ അന്യരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.” ഇതിനായിട്ടായിരുന്നു സമൂഹം സമാരംഭിച്ചത്.

വില്യം കേറി പറഞ്ഞ “മിശിഹായിൽ നിന്നു മഹൽ കാര്യങ്ങളെ പ്രതീക്ഷി

ക്കുക. മിശിഹായ്ക്കുവേണ്ടി മഹൽ കാര്യങ്ങൾ പ്രവർത്തിക്കുക" (Expect great things from God. Attempt great things for God) എന്നത് തിരുമേനിയുടെയും ഒരാദർശമായിരുന്നു.

അങ്ങനെ നിർജ്ജീവമായി കഴിഞ്ഞിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭയ്ക്ക് സൗജന്യമായി ലഭിച്ച കൃപാവരങ്ങളെ സൗജന്യമായി കൊടുക്കുവാൻ വേണ്ടി സമൂഹം സ്ഥാപിതമായി. മച്ചിയെന്നറിയപ്പെട്ടിരുന്ന മലങ്കര സഭാമാതാവിന് അങ്ങനെ ഒരോമൽ ശിശു സംജാതമായി.

പലരും അതിനെ കൗതുകത്തോടെ നോക്കി. ചിലർ അതിനെ സംശയത്തോടെ വീക്ഷിച്ചു. 'ഈ ശിശു എന്തായിത്തീരും' എന്നു ചിലർ ചിന്തിച്ചുപോയെങ്കിൽ അദ്ഭുതമില്ല. നമുക്കിതൊരു പുത്തരിയായിരുന്നു.

നാം കണ്ടിട്ടുണ്ടായിരുന്നത് കത്തോലിക്കാ സഭയിലെ പരിശുദ്ധ ശവരിയാർ പുണ്യവാന്റെയും, ചർച്ച് മിഷനറി സൊസൈറ്റിയുടെയും സുവിശേഷപ്രസ്ഥാനങ്ങൾ മാത്രമായിരുന്നു എന്നു വേണമെങ്കിൽ പറയാം. കേരളത്തിന്റെ വടക്കു ബാസൽ മിഷനും തെക്കു ലണ്ടൻ മിഷനും നടത്തിയിരുന്ന വേലകളെപ്പറ്റി അധികം പേർക്കറിഞ്ഞു കൂടായിരുന്നു. എന്നാൽ സമൂഹത്തിന്റെ വേല ഇതിൽ നിന്നെല്ലാം ചിലതു പകർത്തിയും ചിലതു വിട്ടും ഉള്ള ഒരു രീതിയായിരുന്നു. അതു തിരുമേനി തന്നെ ആവിഷ്ക്കരിച്ച ഒരു ലഘു മാതൃക തന്നെ.

ത്രിമുഖ കർമ്മപരിപാടി

മലങ്കര സുറിയാനിസഭയുടെ മിഷനറി പ്രവർത്തനത്തിന്റെ കഥയും അവിടെ സുവിശേഷപ്രവർത്തനം പ്രായോഗികമായിത്തീർന്ന കഥയും തിരുമേനിയുടെ ജീവിതകഥയും ഒന്നോടൊന്നിടകലർന്നു കിടക്കുകയാണ്.ഒരു വ്യക്തിയുടെ ജീവിതം ചരിത്രാംശമായിത്തീരുന്നെങ്കിൽ അതിൽപ്പരം ഒരു മഹത്വം മറ്റെന്താണ് ആ വ്യക്തിക്കുണ്ടാകേണ്ടത്.

സമൂഹം ജനിച്ചു. ആ ഓമൽ ശിശുവിനെ വളർത്തിയെടുപ്പാൻ സമൂഹാദ്ധ്യക്ഷൻ പെട്ട പാടുകൾ നിസ്സാരങ്ങളല്ലായിരുന്നു. മാനസികമായും കായികമായും വളരെ ക്ലേശങ്ങൾ തിരുമേനിക്കു തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. ഒരു ശിശുവിനെ രോഗാന്തരീക്ഷമുള്ള ഒരു ഭവനത്തിൽ വളർത്തിയെടുക്കുന്നതു പോലെ തന്നെ. സഭയിലുണ്ടായിരുന്ന നിർഭാഗ്യകരമായ കക്ഷിവഴക്കുകൾ ഏതു നല്ല പ്രസ്ഥാനത്തെയും മാർജിനിട്ടേ വിലയിരുത്തിയിരുന്നുള്ളു. വടക്കുള്ള ഏതിടവകയിൽ ചെന്നാലും "ഇദ്ദേഹം മെത്രാൻ കക്ഷിയല്ലേ" എന്നൊരു മനംപുരട്ടൽ കാണാമായിരുന്നു. ഈ ചുറ്റുപാടിൽ വടക്കൻ ഇടവകകളിൽ ആദ്യമായി വേല ആരംഭിച്ചപ്പോൾ വളരെ വളരെ കരുതലോടെ ഓരോ ചുവടും വയ്ക്കുകയും ഓരോ വാക്കും പുറത്തേക്കു വിടുകയും ചെയ്യേണ്ടി വന്നു. വളരെ ബുദ്ധിയോടും നയതന്ത്രത്തോടും അങ്ങനെയുള്ള അനേകമനേകം സന്ദർഭങ്ങൾ തിരുമേനി സമർത്ഥമായി തരണം ചെയ്തിട്ടുണ്ട്.

ഞങ്ങൾ പുത്തൻകുരിശിനടുത്ത് കുറിഞ്ഞി ഇടവകയിൽ സുവിശേഷ വേലയുടെ സാദ്ധ്യതകളെപ്പറ്റി ആരായുവാനും മറ്റുമായി പോയിരുന്നു. അവിടുത്തെ അപ്പോഴത്തെ ബ. വികാരി സമൂഹാദ്ധ്യക്ഷന്റെ ഒരടുത്ത ചാർച്ചക്കാരനുമായിരുന്നു. ഒരു നല്ല പട്ടക്കാരൻ; വളരെ നല്ല ജനങ്ങൾ. എന്നാൽ അവർ എരിവുള്ള ബാവാകക്ഷികളാണ്. ഞങ്ങൾ പള്ളിമേടയുടെ വരാന്തയിൽ നിന്ന് പലതും സംസാരിച്ചു. ആ ഇടവകയിൽ വേല ആരംഭിക്കേണ്ട കാര്യമായിരുന്നു സർവ്വപ്രധാനം. ഇടയ്ക്കിടയ്ക്കു സഭയിലെ കക്ഷിക്കാര്യങ്ങളും, വയലിൽ കള തലപൊക്കുന്നതുപോലെ പൊന്തിവന്നുകൊണ്ടിരുന്നു. അതെല്ലാം തിരുമേനി ഒരു തലയാട്ടലോടും ഒരു ചെറിയ മൂളലോടും കൂടി സ്പർശിക്കാതെ തള്ളിനീക്കിക്കൊണ്ട് പ്രധാനവിഷയം വിടാതെ സംഭാഷണം പുരോഗമിപ്പിച്ചു. കക്ഷിവൈരാഗ്യത്തിൽ നിന്നു ചാടിവീണ ഒരു ചോദ്യത്തിനു യുവാവായിരുന്ന ഈ ലേഖകൻ ഉടൻ ഒരു റെഡിമെയിഡ് ഉത്തരം നല്കി. എന്റെ ഒരു സുഹൃത്ത് – ഏതാനും മാസങ്ങൾക്കു മുമ്പ് ഞങ്ങൾ ഒരുമിച്ച് ഒരാഴ്ച വി. സി. ഗീവറുഗീസച്ചന്റെ നേതൃത്വത്തിൽ നടന്ന റിട്രീറ്റിലും ബൈബിൾ ക്ലാസ്സിലും സംബന്ധിച്ച്, കുമ്പസാരിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്തവരായിരുന്നു – ഒട്ടും താമസിയാതെ എന്റെ കഴുത്തിൽ പിടിച്ച് ഒരു തള്ള്. തിരുമേനിയും വികാരിയും മറ്റു പലരും നോക്കിനില്ക്കെ. അവർ സ്തബ്ധരായി നിന്നുപോയി. ഞാൻ ചാടിയെഴുന്നേറ്റു. എന്നാൽ ഒരു സുവിശേഷകന് ഇതിൽ അഭിമാനിക്കാനേ വകയുള്ളല്ലോ? എന്റെ സ്നേഹിതനായ ആ നല്ല മനുഷ്യനെ ഇപ്രകാരം ഒരു കൃത്യത്തിനു പ്രേരിപ്പിച്ചത് എന്റെ മറുപടിയിലുള്ള ഹീനത്വമല്ലായിരുന്നു. വികാരി അച്ചൻ പിന്നീടദ്ദേഹത്തെ കുറ്റപ്പെടുത്തിയതായി അറിയാൻ കഴിഞ്ഞു. അന്നത്തെ കക്ഷിവൈരാഗ്യത്തിന്റെ എരിവ് ഒന്നു മാത്രമായിരുന്നു കാരണം. ഏതാദൃശാന്തരീക്ഷത്തിൽ സമുദായത്തിൽ സുവിശേഷസേവനത്തിനായി സംജാതമായ സമൂഹശിശുവിനെ എത്ര സൂക്ഷ്മതയോടെ വളർത്തേണ്ടതായിരുന്നുവെന്ന് ഊഹിക്കാമല്ലോ?

തിരുമേനിക്ക് സമൂഹവളർച്ച സംബന്ധിച്ച് ത്രിമുഖ കർമ്മപരിപാടികളിൽ ശ്രദ്ധിക്കേണ്ടിയിരുന്നു. അതായത്, ഒന്നാമത്, ഓരോ ഇടവകയേയും, ഇടവകകളിലെ പഴയ സുറിയാനിക്കാരെയും തയ്യാറാക്കുക. രണ്ടാമത് അതതു കാലങ്ങളിൽ വിദ്യാഭ്യാസമില്ലാതെ പുറംതള്ളപ്പെട്ടിരുന്ന അധഃസ്ഥിതരെ ക്രിസ്തുവിനായി ആദായപ്പെടുത്തുക. മൂന്നാമത്, അശിക്ഷിതരായി, വന്നുചേരുന്ന സഹപ്രവർത്തകരെ നല്ല വേലക്കാരായി മാറ്റുക. ഒരു സമർത്ഥനായ ജനറലിനേപ്പോലെ ഈ ത്രിമുഖ സമരരംഗങ്ങളിലും ഒരേ സമയത്തു ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പടപൊരുതേണ്ടിയിരുന്നു.

നമ്മുടെ ജനങ്ങളെ ഒരുക്കുക – പുതിയ പരിതസ്ഥിതിക്കനുസൃതമായി വളർത്തുക – സാദ്ധ്യമല്ലെങ്കിലും ശ്രമകരമായിരുന്നു. പല ഇടവകകളിലും പുലയരും പറയരും നമ്മുടെ പള്ളിക്കകത്ത് നമ്മോടു കൂടി നിൽക്കുന്നത് ചിന്തിക്കാൻ പ്രയാസമായിരുന്നു. ചില ഇടങ്ങളിൽ സുറിയാനിക്കാരന്റെ ആഢ്യത്വം ബ്രാഹ്മണത്വമായിരുന്നു. ഒരീഴവസ്ത്രീ കിണർ തൊട്ടാൽ കിണർ അശുദ്ധമാകുന്നതുകൊണ്ട് വെള്ളം കോരി കൊടുക്കുന്നതും പലയിടത്തും പതിവായിരുന്നു. അപ്പോൾ പുലയരുടെയും പറയരുടെയും നിലയെന്തായിരുന്നു! തമ്പുരാനു നെല്ലും പണവും ഉണ്ടാക്കാൻ പതിവായി പാടത്തു പണിയെടുക്കുന്ന വിശ്വസ്തനായ തലപ്പുലയനു പോലും തമ്പ്രാന്റെ വീട്ടിനടുത്തുവരുവാൻ അനുവാദമില്ലായിരുന്നു.

പതിവായി തിരുമേനി മാറി മാറി ഇടവകകൾ സന്ദർശിക്കുകയും ഞായറാഴ്ചതോറും വി. കുർബ്ബാനയ്ക്കു ശേഷം സുവിശേഷവേലയുടെ ആവശ്യകതയെപ്പറ്റിയും നമ്മുടെ ചുറ്റുപാടുകളിൽ "ഇടംകയ്യും വലങ്കയ്യും തിരിച്ചറിയാതെ കിടക്കുന്ന" അധഃകൃതർക്കു യേശുമിശിഹായെ കൊടുക്കുന്ന കാര്യത്തേപ്പറ്റിയും, അവരെ നമ്മോടൊപ്പം നമ്മുടെ പള്ളിയിൽത്തന്നെ മാമോദീസാ മുക്കി നമ്മോടുകൂടി ആരാധനയിൽ സംബന്ധിക്കുവാൻ അനുവദിക്കേണ്ടതിനെപ്പറ്റിയും സംസാരിക്കുമായിരുന്നു. ചിലർക്ക് ഇത് പുതിയ കാര്യമായിരുന്നു. മറ്റു ചിലർക്ക് ഇതിൽ സ്വൽപം അവജ്ഞ തോന്നിയിരുന്നു. ചിലർ പിറുപിറുക്കും, ഏതിടവകയിലും സുവിശേഷ വേലയ്ക്കു താല്പര്യമുള്ള ഒരു ചെറു വിഭാഗം ഉണ്ടായിരിക്കും. അവരുടെ ആത്മാർത്ഥമായ സഹകരണം ഈ വേലയ്ക്ക് എപ്പോഴുമുണ്ടായിരുന്നു.

ഒരുദാഹരണം പറയാം. തെക്ക് കവിയൂർ സ്ലീബാ പള്ളി. വലിയ ഒരിടവക. പല നല്ല കാര്യങ്ങൾക്കും മുൻകൈ എടുക്കുന്ന സൽപേരുള്ള പള്ളി. അവിടെ അധഃസ്ഥിതരുടെ ഇടയിലെ വേലക്കായി സമൂഹാദ്ധ്യക്ഷൻ ഈ ലേഖകനെ അയച്ചു. ഇടവകയുടെ പരിപൂർണ്ണമായ സഹായ സഹകരണങ്ങൾ വേലയ്ക്കു ലഭിച്ചുകൊണ്ടിരുന്നു. കുടിൽ സന്ദർശനങ്ങളും വാരാന്ത്യയോഗങ്ങളും മുറയ്ക്കു നടന്നു. അധഃകൃതരുടെ ഇടയിൽ ഉണർവുണ്ടായതുപോലെ തന്നെ സവർണ്ണ ഹിന്ദുക്കളുടെ ഇടയിലും ഉണർവുണ്ടായി. ഞങ്ങൾ യോഗം നടത്തുന്നതിനടുത്തു തന്നെ സവർണ്ണരുടെ ഭജനസംഘം ചേരും. ഹർമ്മോണിയം, മൃദംഗം മുതലായ വാദ്യോപകരണങ്ങളോടു കൂടി ഭജന പൊടിപൊടിക്കും. അതേസമയത്തു "ജയം ജയം കൊള്ളും നാം ജയം കൊള്ളും നാം, യേശുവിന്റെ കൊടിക്കീഴിൽ ജയം കൊള്ളും നാം" എന്നാദിയായ പാട്ട് ഞങ്ങൾ ഉറച്ച ശബ്ദത്തിൽ പാടും. ഞങ്ങളുടെ പാട്ടു മുറുകുമ്പോൾ ഓരോ ചെറിയ കല്ലു വന്നു വീഴും. ഒരിക്കൽ കല്ലു കൊണ്ട് വിളക്കിന്റെ ചിമ്മിനി തകർന്നു. പിന്നൊരിക്കൽ യോഗത്തിൽ സംബന്ധിച്ചിരുന്ന എന്റെ സഹപ്രവർത്തകൻ കീഴമ്പലത്തിൽ ഉണ്ണൂണ്ണിയുടെ കൺപുരിയം സ്വല്പം വീങ്ങിയതും, മറ്റൊരിക്കൽ എന്റെ നെറ്റിയിൽ ഒരു ചെറിയ മുറിവുണ്ടായതും ഈ കല്ലേറു കൊണ്ടായിരുന്നു. എതിർപ്പുകൾ വർദ്ധിക്കുന്തോറും ഞങ്ങൾക്ക് ഉൽസാഹവും കൂടിക്കൂടി വന്നു. നായർ സഹോദരങ്ങളുടെ എതിർപ്പു വർദ്ധിച്ചപ്പോൾ എസ്. എൻ. ഡി. പി. ക്കാർ ഞങ്ങളെ യോഗം നടത്തുവാൻ അവരുടെ സ്കൂളിലേക്ക് ക്ഷണിച്ചു. ഇളകിമറിഞ്ഞ ആ സുവർണ്ണാന്തരീക്ഷം അതുകൊണ്ടൊന്നും അടങ്ങിയില്ല. ഒടുവിൽ റിട്ട. ദിവാൻ വി. എസ്. സുബ്രഹ്മണ്യയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു ഹൈന്ദവ മഹാസമ്മേളനം തന്നെ അവിടെ വച്ചു നടത്തി. ചില പുലയക്കുട്ടികളെ സവർണ്ണ ഹിന്ദു ഭവനങ്ങളിൽ വേലയ്ക്കു നിറുത്തി. ഈ എതിർപ്പുകളുടെ മദ്ധ്യേയാണ് അമ്പതിലധികം പേർ മാമോദീസാ സ്വീകരിപ്പാൻ മുമ്പോട്ടു വന്നത്. പക്ഷേ, ഇത്ര

യുമായപ്പോൾ ഒരു വലിയ കുഴപ്പം. അവിടെ സവർണ്ണരുടെ എതിർപ്പുകളെ അതിജീവിച്ചു അധഃകൃതർ യേശുവിനെ സ്വീകരിപ്പാൻ സധൈര്യം മുന്നോട്ടു വന്നപ്പോൾ സുറിയാനി സവർണ്ണന് ഇവരെ പള്ളിയിൽ കയറ്റുന്നതിൽ എതിർപ്പുണ്ടായി. ആ ഇടവകയിലെ ഒരു സുപ്രധാന വ്യക്തിക്കാണ് എതിർപ്പ്. ആ ഇടവകയുടെ എല്ലാവിധ ശ്രേയസുകൾക്കും നിർല്ലോഭമായ സഹായം നൽകിയിട്ടുള്ള ആ മാന്യദേഹത്തെ വെറുപ്പിക്കാൻ ആർക്കും താല്പര്യമില്ല. അദ്ദേഹം പറഞ്ഞു "നമുക്ക് അവർക്കൊരു പള്ളി വച്ചു കൊടുക്കാം. സ്ഥലവും, രൂപായും ഞാൻ തരാം." എന്തു ചെയ്യും? സമൂഹാദ്ധ്യക്ഷന്റെ അഭിപ്രായം ഉടനെ തേടി. മറുപടി "No. No. No." എന്നാണ്. ഉടനെ സ്ലീബാദാസൻ, ഇടവക മെത്രാപ്പോലീത്താ വാളക്കുഴി മാർ സേവേറിയോസ് തിരുമേനിയെ സന്ദർശിച്ചു വിവരങ്ങൾ ധരിപ്പിച്ചു. മെത്രാപ്പോലീത്താ തിരുമേനി സ്ഥലത്തെത്തി ആ വ്യക്തിയെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു കണ്ടു സംസാരിച്ചു. അതോടെ എതിർപ്പുകൾ അവസാനിച്ചു. തിരുമേനി തന്നെ അടുത്ത ദിവസം അവരെ മാമോദീസാ മുക്കുകയും ചെയ്തു. ഈ ഒരു സംഭവം ഇവിടെ പ്രസ്താവിച്ചത് ത്രിമുഖ പരിപാടികളിൽ നമ്മുടെ ജനതയെ ഒരുക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു എന്നു കാണിക്കുന്നതിനാണ്.

പള്ളിയിലെ ഒരു പ്രസംഗം കൊണ്ടു മാത്രം കാര്യം നടക്കുകയില്ല. അന്നു തന്നെ ആ ഇടവകയിലെ സ്വാധീനശക്തിയുള്ള പല ഭവനങ്ങളും സന്ദർശിച്ചും ആശയങ്ങൾ പകർന്നും വന്നു. ചിലർ പറയും "എന്റെ ശെമ്മാശ്ശാ എങ്ങനയാ ഇവന്റെ ഒക്കെക്കൂടെ പള്ളിയിൽ ഒരുമിച്ചു നിൽക്കുക." വേറേ ചിലർ പറയും "നമുക്കവർക്കായി ഒരു പള്ളി പണിയിച്ചു കൊടുക്കാം. ഒരു നല്ല പങ്ക് ഞാൻ വഹിച്ചോളാം." മറ്റൊരു കൂട്ടർക്ക് 'ഇവരെ എന്തിനാ നാം ചേർക്കുന്നത്. ആ സി. എം. എസ്. കാരോ, രക്ഷാസൈന്യക്കാരോ ചേർക്കുമല്ലോ. നാം എന്തിനു നമ്മുടെ ആഢ്യത്വവും വംശശുദ്ധിയും നശിപ്പിക്കുന്നു." ഇങ്ങനെ പലവിധ അഭിപ്രായങ്ങൾ ഉയർന്നു വന്നു. ഇവയ്ക്കെല്ലാം ക്ഷോഭിക്കാതെയും ആരേയും ക്ഷതപ്പെടുത്താതെയും മറുപടി പറയുന്നത് നിസ്സാര കാര്യമല്ലായിരുന്നു. സ്വല്പം ക്ഷോഭിച്ചാൽ, ഒരു വാക്കു പിശകിയാൽ, ഒരു ചലനം കൂടിപ്പോയാൽ അവിടെ വല്ലാതെ പ്രതികരണമുണ്ടാകും. അപ്പോൾ കക്ഷിത്വമുണ്ടാകും. എല്ലാം തകരാറിലാകും. പ്ലാനെല്ലാം തെറ്റും. ഇലയ്ക്കും മുള്ളിനും കേടു കൂടാതെ കടന്നു പോകണം.

കുടിൽ സന്ദർശനങ്ങൾ

രണ്ടാമത്തെ സമരം അജ്ഞതയോടും അന്ധവിശ്വാസങ്ങളോടും ആയിരുന്നു. തിരുമേനി ചെറുപ്പം മുതലേ അധഃകൃതരുടെ ആത്മമിത്രമാണ്. അവരുടെ നാഡിയിടുപ്പുകൾ തിരുമേനിക്ക് കുറെയൊക്കെ അറിയാമായിരുന്നു. അവരുടെ ഇടയിലുണ്ടായിരുന്ന അനേകമനേകം അന്ധവിശ്വാസങ്ങൾക്കും അനാവശ്യങ്ങൾക്കും അവരോടിടപഴകി വസിക്കുന്ന ഏകദേശം രണ്ടായിരം വർഷത്തെ ക്രൈസ്തവപാരമ്പര്യം അഭിമാനപൂർവ്വം അവകാശപ്പെടുന്ന കേരളത്തിലെ നസ്രാണികളും ഉത്തരവാദികളാണ്. അവരുടെ ക്രൈസ്തവ സ്വാധീനശക്തിക്ക് ഈ അവശരെ തെല്ലെങ്കിലും സ്വാധീനമാക്കുവാൻ കഴിഞ്ഞിരുന്നില്ല. മാർതോമ്മാ ശ്ലീഹായുടെ അപ്പോസ്തോലപാരമ്പര്യം തങ്ങൾക്കുണ്ടെന്ന അവകാശവാദം മുഴക്കുന്നവർ ആ പരിശുദ്ധ അപ്പോസ്തോലൻ ജീവൻ വെടിഞ്ഞ് ഭരമേല്പിച്ചിരുന്ന വിശ്വാസം അല്പമെങ്കിലും പ്രചരിപ്പിക്കുവാൻ കാര്യമായ പരിശ്രമം നടത്തിയിരുന്നില്ല. അപ്പോസ്തോലന്മാരുമായി ഇടപഴകിയവർ "അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്ന് അറിഞ്ഞു" (അ. പ്ര. 4:13). നമ്മെക്കണ്ട് നമ്മുടെ ചുറ്റുമുള്ളവർ എന്തു വിധി പറയും?

അതതു കാലങ്ങളിൽ ചാത്തനും കാളിയും മറുതായും മറ്റും തങ്ങളെ തുണയ്ക്കുമെന്നു കരുതി അധഃകൃതർ അവയെ ആരാധിച്ചു വന്നു. ആ മൂർത്തികളല്ല, തങ്ങളുടെ സാക്ഷാൽ രക്ഷിതാവെന്നു അവരെ മനസ്സിലാക്കേണ്ടതുണ്ട്. അവർക്ക് അതിനു പകരം ഒരു പുതിയ രക്ഷിതാവിനെ പ്രദാനം ചെയ്യണം. അക്കാര്യം മനസ്സിലാക്കുവാൻ അത്ര എളുപ്പമായിരുന്നില്ല. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായവരെ" തന്റെ അടുക്കലേക്കു ആശ്വാസത്തിനായി വിളിക്കുന്ന ഒരു രക്ഷകനെ അവർക്കു ചൂണ്ടിക്കാണിക്കേണ്ടിയിരുന്നു. "ഞാൻ തന്നെ വഴിയും, സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന് അവകാശപ്പെടുന്ന ഒരു അവതാര പുരുഷനെ അവർക്കു കാണിക്കേണ്ടിയിരുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച" ഒരു പിതാ

ലാവണ്യദർശനം



സമാധാനവും പ്രത്യാശയും

ഡെറിൻ രാജു

സമാധാനത്തോളം നിർമ്മലയായ ആശംസ എന്താണുള്ളത്? അത്രത്തോളം അപരനെ, അവന്റെ നിലനിൽപ്പിനെ വിലമതിക്കുന്ന ഏത് മംഗളമരുളലാണുള്ളത്?

നസറേത്തിലെ സാധുബാലികയുടെ അകത്തളത്തിൽ അവളറിയാതെ കടന്നു വന്നവൻ പറഞ്ഞ ആദ്യ വാകൃത്തിലുള്ളതും ഈ ഒരാശംസയാണുള്ളത്: "നിനക്കു സമാധാനം!"

തുടർന്നു അവൾ കേട്ട സകല വാചകങ്ങളും അവിവാഹിതയായ നിരാലംബയായ ഒരു പെൺകുട്ടിയുടെ അന്തഃകരണത്തെ കറക്കിയെറിയുവാൻ പര്യാപ്തമായിരുന്നതായിരുന്നെങ്കിലും അവൾ ആദ്യം കേട്ട വാക്ക് ഒരു ധൈര്യമായിരുന്നു; ഒരു പ്രത്യാശയായിരുന്നു. മനുഷ്യരാശിയുടെ ആകെ പ്രത്യാശാഭാരമാണ് താൻ വഹിക്കുന്നതെന്ന് യാതൊരു ബോധ്യവുമില്ലാതെയാണ്, ഒരു സമാധാനാശംസയിലും അതിനു ശേഷമവൻ പറഞ്ഞൊരു കൃപയിലും ധൈര്യപ്പെട്ട് അവൾ ഒരു നുകമെടുത്തണിഞ്ഞത്.

സമാധാനവും പ്രത്യാശയും പലപ്പോഴും പൂരകങ്ങളാണ്. ഒന്ന് ഒന്നിനെ പരിപോഷിപ്പിച്ചു കൊണ്ടേയിരിക്കും. ആ പ്രത്യാശയുടെ പുറത്താണ് അവൾ ആ വിരുന്നുശാലയിൽ ആധിപിടിച്ചോടിയവരോട് അവനെന്തെങ്കിലും പറഞ്ഞാൽ അത് ചെയ്യാൻ പറഞ്ഞത്. അവളുടെ മകനും ആ പ്രത്യാശ പകർന്നവനാണ്. രാവ്വേറെ മീൻ കിട്ടാതെ തളർന്നവരോട് ഒരിക്കൽ കൂടി ധൈര്യത്തോടെ വലയെറിയാൻ അവൻ പറഞ്ഞത് ആ പ്രത്യാശയിലാണ്. വിജനഭൂമിയിൽ അയ്യായിരം പേർക്ക് ഭക്ഷണം കണ്ടെത്താൻ അവൻ തന്റെ സ്നേഹിതരോട് പറഞ്ഞ ധൈര്യത്തിന്റെ പേരും പ്രത്യാശയെന്നാണ്. വലനിറയെ മീൻ കണ്ടവരും വിശപ്പ് മാറുവോളം ഭക്ഷണം കഴിച്ചവരും നേടിയത് ആ പ്രത്യാശയുടെ ഫലമായ സമാധാനമാണ്. ആ സമാധാനവും പ്രത്യാശയും അമ്മ മകനു നൽകി. മകൻ തന്നെ കേട്ടറിഞ്ഞു കൂടെ നടന്നവർക്കും !

ആരെങ്കിലും അവന്റെ കല്ലറ വാതിൽക്കൽ നിന്നു കല്ല് മാറ്റിത്തരുമെന്ന വിശ്വാസത്തിൽ സുഗന്ധതൈലമൊരുക്കി അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ, കല്ലറയോളം ഓടിയെത്തുവാൻ തക്ക വിധത്തിൽ അവരുടെ പ്രത്യാശ വളരുകയും ചെയ്തു. ആത്യന്തികമായ സമാധാനമായിരുന്നല്ലോ

ആ പ്രത്യശയുടെ ഫലവും!

വായ ദൈവത്തെ അവർക്കു പരിചയപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഇതിലേക്കു തിരുമേനി തിരഞ്ഞെടുത്ത മാർഗ്ഗം ലളിതവും ഫലപ്രദവുമായിരുന്നു. വഴിക്ക വലകളിൽ നിന്നു തമ്പേറടിച്ചു ഓപ്പൺ എയർ യോഗങ്ങൾ നടത്തുന്ന രീതി തിരുമേനിക്ക് അത്ര സ്വീകാര്യമല്ലായിരുന്നു. നാം സാധുക്കളുമായി കഴിയുന്നതും താദാത്മ്യം പ്രാപിക്കുക. അതു വാക്കിലും പ്രവൃത്തിയിലും അനുഷ്ഠിക്കുക. അക്ഷരംപ്രതി അതു ശരിയാണെന്നു അനുഭവം തെളിയിക്കുകയും ചെയ്തു.

സമൂഹം ആരംഭിച്ചതോടുകൂടി അധഃകൃതരുടെ കുടിലുകൾ സന്ദർശിക്കുവാൻ തുടങ്ങി. ആദ്യം സ്ലീബാദാസ സമൂഹം സ്ഥാപകനായ തിരുമേനി മാത്രമായിരുന്നു. ഏതാനും ആഴ്ചകൾക്കുശേഷം പി. പി. വർക്കി തിരുമേനിയുടെ സഹപ്രവർത്തകനായിത്തീർന്നു. അമേരിക്കൻ മിഷനുകൾ നല്കിയിരുന്ന വലിയ ചിത്രച്ചുരുളുകളും റാന്തൽ വിളക്കും പുതിയ നിയമവും കൈത്താളവുമായി ഞങ്ങൾ കൃത്യം നാലു മണിക്കു പുറപ്പെടും. പുറപ്പെടുന്നതിനു മുമ്പ് "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു" (മത്തായി 28:19) എന്നാദിയായ മിശിഹായുടെ മിഷനറിവാക്യവും പുറജാതികളുടെ മനംതിരിവിനായുള്ള പ്രാർത്ഥനയും ചൊല്ലുക പതിവായിരുന്നു. യാതൊരു കാരണവശാലും ഈ കുടിൽ സന്ദർശനം മുടങ്ങാറില്ല. എന്തെന്നാൽ ഞങ്ങളുടെ സർവ്വപ്രധാനമായ ജോലി അതായിരുന്നു. തലമറന്നെണ്ണ തേക്കുക പാടില്ലെന്നു തിരുമേനി ഇടയ്ക്കിടയ്ക്കു സുവിശേഷകരെ അനുസ്മരിപ്പിക്കുമായിരുന്നു. തിരുമേനി എല്ലാ കാര്യത്തിലുമെന്നപോലെ ഇക്കാര്യത്തിലും വളരെ കണിശം പാലിച്ചിരുന്നു. വലിയ മഴയൊ കാറ്റോ ഉള്ള വർഷകാലത്തും കൂടെയുള്ള സുവിശേഷകൻ അല്പം അലസനായാലും എപ്പോഴും അവനേക്കാൾ പ്രായക്കൂടുതലുള്ള തിരുമേനിയുടെ സന്നദ്ധത അങ്ങനെയുള്ളവരെ ലജ്ജിപ്പിക്കാതിരിക്കയില്ലായിരുന്നു. മഴക്കാലമാണു കുടിൽ സന്ദർശനത്തിനു കൂടുതൽ അനുകൂലമെന്നാണു തിരുമേനി പറയുന്നത്. എന്തെന്നാൽ തണുപ്പും മഴയുമുള്ളപ്പോൾ ആ ചെറുകുടിലിൽ കയറിയിരുന്നു നർമ്മസംഭാഷണം വഴി ക്രിസ്തുവിനെ അവർക്കു കാണിച്ചുകൊടുക്കുവാൻ വളരെ സൗകര്യപ്പെടും.

യാതൊരു കാരണവശാലും കുടിൽ സന്ദർശനം മാറ്റിവയ്ക്കാറില്ലെന്നുപറഞ്ഞല്ലോ. അതിനു തിരുമേനി ചിലപ്പോൾ മാതൃകയായി ചൂണ്ടിക്കാട്ടാറുള്ളത് കുറെക്കാലം സി. എം. എസ്. മിഷനറിയായി കൊച്ചി തിരുവിതാംകൂറിൽ ഉണ്ടായിരുന്ന ഓസ്മാസ്റ്റർ സായിപ്പിനെയാണ്. അദ്ദേഹം ചില ഓപ്പൺ എയർ യോഗങ്ങൾക്കു പ്രോഗ്രാം തയ്യാറാക്കും. മഴയോ മറ്റു പ്രകൃതിക്ഷോഭമോ അദ്ദേഹത്തെ ഒരിക്കലും സ്വകൃത്യത്തിൽ നിന്നു പിൻതിരിപ്പിച്ചിട്ടില്ല. ആ മിഷനറിയുടെ നല്ല മാതൃക പകർത്തുന്നതിൽ ഈ സിറിയൻ മിഷനറി തല്പരനായിരുന്നു. തിരുമേനിയുടെ കൂടെ ആദ്യമായി സുവിശേഷകനായി പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായ ഈ ലേഖകൻ ഒരു കാര്യം ഓർമ്മയിൽ നിന്നു പകർത്തട്ടെ. ഞങ്ങൾ രണ്ടു പേരെ അന്നു സമൂഹാംഗങ്ങളായുണ്ടായിരുന്നുള്ളു. മാന്തുരുത്തേൽ താമസം. അവിടെ നിന്നു മൂന്നു മൂന്നര മൈലകലെയുള്ള മുളന്തുരുത്തിയിലാണ് കുടിൽ സന്ദർശനത്തിനു നിശ്ചയിച്ചിരിക്കുന്നത്. ഇന്നത്തെപ്പോലെ നല്ല റോഡും റോഡിൽ കൂടി ഓടുന്ന ബസ്സുകളും അന്നില്ല. ഈ മൂന്നര മൈലും നടന്നു തന്നെ പിൻതള്ളണം. വർഷകാലമാണ്. നെൽപാടങ്ങളുടെ നടുവിൽകൂടി യുള്ള വീതി കൂടിയ നടവരമ്പു വെള്ളത്തിൽ മുങ്ങിക്കിടക്കയാണ്. യാത്ര വളരെ പ്രയാസം. ഏകദേശം അര മൈലുണ്ടെന്നു തോന്നുന്നു, മുട്ടിനു മീതേ വെള്ളത്തിൽകൂടിത്തന്നെ നടന്നേ തീരൂ. അന്നും തിരുമേനിയുടെ തെറ്റാത്ത പരിപാടിയനുസരിച്ച് സന്ദർശനത്തിനു ഇറങ്ങി. വഴിയകലമാക കൊണ്ട് അര മണിക്കൂർ നേരത്തെ പുറപ്പെട്ടു. തിരുമേനി കാൽകുപ്പായം നല്ലപോലെ തെറുത്തു വച്ച് ഈ വഴിയെല്ലാം നടന്നു. ഞങ്ങൾ സന്ദർശനവും സുവിശേഷവിത്ത് ആ തണുത്തു പാകമായ വയലിൽ വിതയും കഴിച്ച് തിരിച്ചെത്തി.

അക്കാലത്തെ വേലയുടെ ഫലം അദ്ഭുതകരമായിരുന്നു. മഴയും വെള്ളപ്പൊക്കവും നോക്കാതെയുള്ള ഈ പ്രവർത്തനം മുളന്തുരുത്തിയിലെ ചുണയുള്ള സിറിയൻ ചെറുപ്പക്കാരെ ഉത്സാഹഭരിതരാക്കിത്തീർത്തു. അവിടെ ഉണ്ടായിരുന്ന വൈ. എം. എസ്. ഏ. എന്ന യുവാക്കന്മാരുടെ സംഘടന പത്രോസ് ശെമ്മാശ്ശന്റെ ഈ വെല്ലുവിളിയെ ആത്മാഭിമാനത്തോടും ദൃഢനിശ്ചയത്തോടും സ്വീകരിച്ചു. പരേതനായ ജോസഫ് മാസ്റ്റർ (പിന്നീട് പട്ടമേറ്റു), അയ്പോര മാസ്റ്റർ, പി. ഐ. ജോൺ, ഡീക്കൺ ഈ. ഡി. ജേക്കബ്, ഇവർക്കു നേതൃത്വം കൊടുക്കുന്ന പാലക്കാട്ടിൽ ഫാദർ ജോൺ ഇവരെല്ലാം എത്ര ഉൽസുകരായി ഈ വേലയിൽ സഹകരിച്ചു. അനേകംപേർ മാമോദീസാ മുങ്ങി. അതൊരു സുവിശേഷപ്പെരുനാളായിരുന്നു. കുടിൽ സന്ദർശനത്തിൽ യേശുവിനെപ്പറ്റി അറിഞ്ഞ ഒരു ഹരിജന്റെ യജമാനൻ അവനെ മാമോദീസായ്ക്കു വിടാതെ മുറിയിൽ അടച്ചിടുകയുണ്ടായി. 'ഈ നല്ല യേശുതമ്പുരാനെ ഞാൻ സ്വീകരിച്ചേ ഇരിക്കൂ' എന്നവൻ ശപഥം ചെയ്തു. അടച്ചിട്ട മുറിയിൽ നിന്നു രക്ഷപ്പെട്ടു മാമോദീസായിക്ക് അവൻ പള്ളിയിൽ ഓടിയെത്തി മത്തായി ആയി മാറി.

കുടിൽ സന്ദർശനങ്ങൾ ഫലപ്രദമായിരുന്നെങ്കിലും ചിലപ്പോൾ അതു വിഷമങ്ങൾക്കിടയാക്കിയിട്ടുണ്ട്. ഒരു സംഭവം സ്ലീബാദാസൻ ഫാദർ റ്റി. ജി. കുര്യാക്കോസ് വിവരിക്കുന്നു. "കുന്നക്കുരുടിക്കു വടക്ക് ഏതാനും പുലയ കുടുംബങ്ങൾ അധിവസിച്ചിരുന്നു. അതിലൊരാളാണ് വള്ളോൻ. വള്ളോനും കുടുംബവും സ്നാനത്തിനു തയ്യാറായി. വള്ളോനു ഒരനുജൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അനുജൻ അയ്യപ്പനെക്കൂടി ചേർക്കണമെന്ന് വള്ളോനു നിർബന്ധമായിരുന്നു. ആദ്യ ഘട്ടത്തിൽ അയ്യപ്പൻ സമ്മതിക്കുകയും സുവിശേഷം താല്പര്യപൂർവ്വം കേൾക്കുകയും ചെയ്തിരുന്നു. അയ്യപ്പൻ അവിടെയുള്ള പുലയ കുടുംബങ്ങളുടെ ഒരു തലയാളാണ്. അയ്യപ്പൻ ക്രിസ്തുമതം സ്വീകരിപ്പാൻ ഒരുങ്ങുന്നതിൽ സവർണ്ണഹിന്ദുക്കളിൽ ചിലരും ഒന്നുരണ്ടീഴവ പ്രമാണികളും എതിർപ്പ് പ്രകടിപ്പിച്ചു. ഒരു ഞായറാഴ്ച വൈകുന്നേരം യോഗം നടത്തുവാൻ സ്ലീബാദാസൻ വള്ളോന്റെ വസതിയിൽ എത്തി. യോഗവിവരമറിയിക്കുവാൻ സ്ലീബാദാസൻ അയ്യപ്പനെ സമീപിച്ചു. എതിർപ്പുകാരുടെ പ്രേരണയാൽ അയ്യപ്പൻ വെട്ടുകത്തിയും കുറുവടിയുമായി ദാസനെ നേരിട്ടു. അവൻ മദ്യപിച്ച് ഉന്മത്തനായിരുന്നു. "നിന്റെ തല ഞാൻ തന്നയ്ക്കുകയില്ല" എന്നു മൂന്നു പ്രാവശ്യം അട്ടഹസിച്ചു വെളിവില്ലാതെ നില്ക്കുന്ന അയ്യപ്പന്റെ അടുത്തു നില്ക്കുന്നതു ബുദ്ധിയല്ല എന്നു തോന്നിയ സ്ളീബാദാസൻ "നീ എന്താണിപ്പറയുന്നത്" എന്നു പറഞ്ഞുകൊണ്ട് തിരിഞ്ഞു നടന്നു. ദാസൻ തെക്കുവശത്തേക്കു നോക്കുമ്പോൾ അയൽവാസി കേശവൻനായർ വലതുകൈയിൽ കുറുവടിയും ഇടതുകൈയിൽ വെട്ടുകത്തിയുമായ് ഇടവഴിയുടെ കയ്യാലമുകളിൽ നിൽക്കുകയാണ്. കുറച്ച് അകലെയുള്ള വേറൊരു വഴിയിൽകൂടി നടന്നു ദാസൻ അടുത്തുള്ള ഒരു ക്രിസ്തീയ ഭവനത്തിൽ അഭയം തേടി. കുന്നക്കുരുടി സഹകരണ മെമ്പർക്കാളയച്ചു. ധീരന്മാരായ കുറെ യുവാക്കന്മാർ ഓടിയെത്തി. നേരം സന്ധ്യാസമയം. അയ്യപ്പന്റെ കാര്യത്തിലവർക്കു അരിശം തോന്നിയില്ല. കേശവൻനായരുടെ പെരുമാറ്റത്തിലവർ രോഷാകുലരായി.

ക്രിസ്തുവിന്റെ സുവിശേഷം എവിടെയും പ്രസംഗിക്കാൻ പാടില്ലേ? കേശവൻനായരോടു ചോദിച്ചിട്ടു തന്നെ കാര്യം. "ഒന്നുമുണ്ടായില്ല. നമുക്കു പോകാമെന്നു" ദാസൻ പറഞ്ഞ നല്ല വാക്കവർ നിരസിച്ചു. പടിക്കലെത്തിയ ചെറുപ്പക്കാർ കേശവൻനായരിവിടെ ഉണ്ടോ എന്നു വിളിച്ചു ചോദിച്ചു. "ആരെടാ ഈ സന്ധ്യാസമയത്തു കേശവൻനായരിവിടെ ഉണ്ടോ എന്നു ചോദിക്കാൻ" എന്നു ഗർജ്ജിച്ചുകൊണ്ട് ആ ഗംഭീരൻ കൈയിൽ കുറുവടിയും വെട്ടുകത്തിയുമായി പടിക്കലെത്തി. എല്ലാവരും സ്വല്പം പരുങ്ങലിലായി. "ഞങ്ങൾ വഴക്കിനൊന്നും വന്നവരല്ല. ഈ ദാസൻ മൂക്കഞ്ചേരിലച്ചന്റെ സുവിശേഷകനാണ്. ആരോ ഉപദ്രവിക്കാൻ ചെന്നതായി കേട്ടു. അങ്ങനെ വന്നു. നിങ്ങളും അതിലുണ്ടോ എന്നറിയാൻ വിളിച്ചതാണ്" എന്നു ശാന്തമായി പറഞ്ഞു. കള്ളിന്റെ മത്ത് അയാളുടെ തലയിൽ നിന്ന് ഇറങ്ങിയിരുന്നില്ല.

പിറ്റേദിവസം സ്ലീബാദാസനേയും വേറെ അഞ്ചു പേരേയും ചേർത്തു പെരുമ്പാവൂർ പോലീസിൽ സവർണ്ണരുടെ പ്രേരണയാൽ അയ്യപ്പൻ ഒരു കേസ്സു കൊടുത്തു. നിർബന്ധ മതപരിവർത്തനത്തിനും വീടു കയറി അക്രമത്തിനും വന്നു എന്നതാണ് ഹർജ്ജി. 1115-ൽ സർ സി. പി. യുടെ ഏകാധിപത്യം നടക്കുന്ന കാലം. സ്റ്റേറ്റ് കോൺഗ്രസിനെ അടിച്ചമർത്തുന്ന കാലം. എല്ലാവർക്കും ഭയമായി.

അന്നത്തെ സഭാ പ്രസിദ്ധീകരണമായ 'ഓർത്തഡോക്സ് സഭ' മാസികയിൽ സമൂഹാദ്ധ്യക്ഷന്റെ സഞ്ചാര പ്രോഗ്രാം പ്രസിദ്ധീകരിക്കുക പതിവായിരുന്നു. ഉടനെ പത്രോസച്ചനെ വരുത്തണം. അല്ലെങ്കിൽ പലവിധ ഉപദ്രവങ്ങൾക്കിടയാകുമെന്നായി നമ്മുടെ ആളുകൾ. സ്ലീബാദാസൻ മാവേലിക്കര പുതിയകാവ് പള്ളിയിലെത്തി അച്ചനെ വിവരം ധരിപ്പിച്ചു. അച്ചൻ തന്റെ ഒരിക്കലും തെറ്റാത്ത പ്രോഗ്രാം ഒരു മാസത്തേക്കുള്ളതു ദാസനെ വായിച്ചു കേൾപ്പിച്ചു.

"ഒന്നും വരാനില്ല. പോകാൻ പറ. തലയ്ക്കുമീതേ വെള്ളം വന്നാലതുക്കു മീതേ തോണി. അവർ നിർഭയം വേല തുടരട്ടെ" എന്നു പറഞ്ഞു. ദാസന്റെ നിർബന്ധപ്രകാരം പെരുമ്പാവൂരേ രണ്ടു വക്കീലന്മാർക്കു കത്തു കൊടുത്തു ദാസനെ മടക്കിയയച്ചു.

ഒരു മാസം കഴിഞ്ഞിട്ടും കേസവസാനിച്ചില്ല. അന്ന് സ്ലീബാദാസസന്മാരുടെ അർദ്ധവാർഷിക ധ്യാനം ആലുവാ സെറ്റിൽമെന്റിൽ വച്ചാണ് നടക്കുക. ധ്യാനത്തിന് ആലുവായിലെത്തിയ സമൂഹാദ്ധ്യക്ഷൻ എ. എസ്. പി. യെക്കണ്ടു വിവരം പറഞ്ഞു. തന്റെ സഹപാഠിയായ സമൂഹാദ്ധ്യക്ഷൻ എം. പി. പീറ്ററിനെ വൈദികനായി കണ്ടപ്പോൾ "Oh, my dear Father, St. Peter" എന്നു പറഞ്ഞുകൊണ്ട് ചാടി എഴുന്നേറ്റാണു തിരുമേനിയെ സ്വീകരിച്ചത്. അതോടെ കേസും അവസാനിച്ചു.

സമൂഹത്തിലെ ആദ്യകാല പ്രവർത്തകരിൽ ഒരാളും അടുത്തകാലത്ത് ദിവംഗതനുമായ മുത്തലത്തു വർക്കി എഴുതുന്നു: "കൊല്ലവർഷം 1112 ഇന്നലെ എന്നപോലെ എന്റെ സ്മരണയിൽ തങ്ങിനില്ക്കുന്നു. സമൂഹാദ്ധ്യക്ഷനായ എം. പി. പത്രോസച്ചനും, പി. പി. വർക്കിയും, ഞാനും വാർഷിക സഞ്ചാരത്തിൽ പിറവം, വടയാപറമ്പ് പള്ളിയിൽ എത്തിയിരിക്കുകയാണ്. വൈകിട്ടു യോഗത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. നാലു മണിക്ക് വടയാപറമ്പ് സ്കൂൾ വിട്ട് വീട്ടിലേക്കു പോകുന്ന വറുഗീസ് എന്ന പുതു ക്രിസ്ത്യൻ വിദ്യാർത്ഥി പള്ളിയിലേക്ക് ഓടി വരുന്നു. ആരക്കുന്നത്തെ ഒരു നായർ പ്രമാണിക്കു വഴിമാറി കൊടുക്കാതെ അഭിമുഖമായി ചെന്നതിൽ അയാൾ അവനെ പ്രഹരിച്ചു. തന്നെ തീണ്ടി എന്നാണ് നായരുടെ പരാതി. ഈ വാർത്തയറിഞ്ഞ പത്രോസച്ചൻ രോഷാകുലനായി. ഞങ്ങൾ കാപ്പി കുടിക്കുകയായിരുന്നു. അച്ചനും ഞാനും പി. പി. വർക്കിയും കൂടി നായർ പ്രമാണിയെ പിടികൂടുന്നതിനായി ഓടി. പക്ഷേ, അയാൾ പമ്പ കടന്നിരുന്നു. കമ്മീശു ചുരുട്ടിക്കയറ്റി ഓടിയ പത്രോസച്ചനോടൊപ്പം ഓടിഎത്തുവാൻ ഞാനും വർക്കിയും കുറച്ചു വിഷമിച്ചു.

തിരിച്ചുവന്ന അച്ചൻ സൂട്ട്കേസിന്റെ പുറത്തു ലെറ്റർപാഡ് വച്ചുകൊണ്ട് കൊച്ചി ദിവാൻ ഹെർബർട്ട് സായിപ്പിനും പോലീസ് കമ്മീഷണർക്കും മർദ്ദന വിവരം കാണിച്ച് എഴുതി. പരാതി ലഭിച്ച ഉടനെ പോലീസ് സംഭവസ്ഥലത്തെത്തി. നായർ പ്രമാണി വിറച്ചുപോയി. പണം കൊടുത്ത് എങ്ങിനെ എങ്കിലും തലയൂരാമെന്ന് അയാൾ കരുതി. സെക്രട്ടറിയേറ്റിൽ എത്തി പലരേയും കണ്ടയാൾ ആലോചിച്ചു. പക്ഷേ, കത്തനാർ വല്ലാത്തയാളാണെന്നും പണം കൊടുത്താൽ കാര്യം സാധിക്കയില്ലെന്നുമുള്ള ഉപദേശമാണയാൾക്കു കിട്ടിയത്. നെച്ചൂരിലെ ഒരു ധനാഢ്യനും സമൂഹത്തോടു താത്പര്യവുമുള്ള ആളായിരുന്ന കൊള്ളീനാൽ പുരവത്തിന്റെ മദ്ധ്യസ്ഥതയിൽ കാര്യം തീർക്കാമെന്നു ഒടുവിൽ സമ്മതിച്ചു. പുതു ക്രിസ്ത്യൻ ബാലന് അഞ്ചു രൂപാ കൊടുത്തു ക്ഷമ ചോദിക്കണമെന്നായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥ. നായർ പ്രമാണി ലജ്ജയോടെ ക്ഷമ ചോദിച്ചു. അഞ്ചു രൂപായും നല്കി.

ഇങ്ങനെ ചില സംഭവങ്ങൾ അങ്ങിങ്ങായി ഉണ്ടാകുമെങ്കിലും, കുടിൽ സന്ദർശനം ഫലപ്രദമായ കർമ്മപരിപാടി തന്നെയാണ്. സവർണ്ണ ഹിന്ദുക്കൾ അകറ്റി ഓടിക്കുന്ന ഒരു ജനസമുദായം, തങ്ങൾക്കു ചുറ്റും താമസിക്കുന്ന മാപ്പിളമാർ അകറ്റിനിർത്തുന്ന അധഃസ്ഥിതർ, അവരുടെ കൊച്ചു ചെറ്റക്കുടിലിലേക്ക് ഒരു പള്ളിതമ്പ്രാൻ കയറിച്ചെല്ലുക, അവർ കൊടുക്കുന്ന പട്ടിലിൽ ഇരുന്നു സംഭാഷണം നടത്തുക, അവരോടു സാവകാശമായി പുൽക്കൂട്ടിൽ പിറന്ന യേശുവിന്റെ കഥ പറയുക, ആ യേശു പാപികൾക്കു വേണ്ടി ജീവിച്ചു മരിച്ച സംഭവങ്ങൾ വിവരിക്കുക, ആ നല്ല രക്ഷിതാവിനെപ്പറ്റിയുള്ള പാട്ടു പാടുക, ഇതെല്ലാം അവർക്കൊരദ്ഭുതമായി തോന്നി. ഈ സന്ദർശനം പലപ്പോഴാകുമ്പോൾ അവർ അവരുടെ പ്രയാസങ്ങൾ ഈ തമ്പ്രാനുമായി പങ്കുവയ്ക്കാൻ ശ്രമിക്കുന്നു. അവരുടെ ബുദ്ധിമുട്ടുകൾ തമ്പ്രാനെ അറിയിക്കും. അതിനെല്ലാം ചില പരിഹാരങ്ങൾ തമ്പ്രാൻ നിർദ്ദേശിക്കും അവർ മദ്യപാനം നിറുത്തേണ്ട കാര്യം, വീടും പരിസരങ്ങളും ശുചിയാക്കേണ്ട കാര്യം, ഇതെല്ലാം ക്രമേണ അവർ മനസ്സിലാക്കും. അതേ ആ മിഷനറി അവരുടെ സ്വന്തമായിത്തീരുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ച "യേശുതമ്പുരാൻ" അവരുടെയും തമ്പുരാനാണെന്നും അവർക്കു തികച്ചും ബോദ്ധ്യമാകുന്നു. അവർ ക്രമേണ ഒരു കൗമ്മായും വിശ്വാസപ്രമാണവും പത്തു കല്പനകളുടെ സാരാംശമെങ്കിലും പഠിക്കുന്നു. മാമോദീസാ മുങ്ങുന്നു.

കൗമാ പഠിപ്പിക്കാൻ അടുത്തുള്ള ക്രിസ്തീയ കുടുംബത്തെയും ചുമതലപ്പെടുത്തും. ഇന്ന് സുപ്രസിദ്ധരായ അനേകം പേർ അന്നത്തെ ഞങ്ങളുടെ കൗമ്മാ പഠിപ്പിക്കുന്ന കുട്ടികളായിരുന്നു. അവരുടെ ലിസ്റ്റ് വളരെയാകയാൽ പേരൊന്നും പറയുന്നില്ല. ആ ദിവസം അവരുടെ ആയുസ്സിലെ ഏറ്റവും വലിയ ദിവസ്സമാണ്. ആത്മീയജനനം മാത്രമല്ല തങ്ങളുടെ യജമാനനായ മേലാളനോടൊപ്പം അദ്ദേഹം നിന്ന് ആരാധിക്കുന്ന അതേ പള്ളിയിൽ, അതേ ദൈവത്തെ ആരാധിക്കുവാൻ സാധിക്കുക. ഹൈന്ദവർ തീണ്ടൽ ജാതിയായി തള്ളിയിരുന്ന അധഃകൃതർ മാമോദീസായ്ക്കു ശേഷം അധഃകൃതനല്ലാതായിത്തീർന്നു. കരിങ്ങാശ്രപള്ളിയിൽ മാമോദീസാ മുങ്ങിയ ചീരൻ (സാംബവൻ) പത്രോസായി മാറിയപ്പോൾ കൊച്ചി രാജകുടുംബത്തിലെ വലിയമ്മത്തമ്പുരാട്ടിയുടെ തൃപ്പൂണിത്തുറ കോട്ടയ്ക്കകത്തു കൂടിയുള്ള വഴി തൂപ്പുകാരനായി ജോലി കിട്ടുന്നു. അക്കാലത്തു ഈഴവർക്ക്, മന്ത്രിയായിരുന്ന സഹോദരൻ അയ്യപ്പനു പോലും കോട്ടയ്ക്കകത്തു പ്രവേശനമോ, ആ റോഡിൽ കൂടി സഞ്ചാരസ്വാതന്ത്ര്യമോ ഇല്ലായിരുന്നു. അവരുടെ ആത്മാഭിമാനത്തിനു മാറ്റു കൂട്ടുന്ന ഒരു കർമ്മവും കൂടിയാണ് അവരുടെ മാമോദീസാ.

ചില സംഭവങ്ങൾ ഞാൻ ഓർമ്മയിൽ നിന്നു പകർത്തട്ടെ. കവിയൂർ സ്ലീബാപള്ളി ഇടവകയിൽ ഒരുത്സാഹവും ഉണർവും ഉണ്ടായി. മുളപ്പനോട്ടുകണ്ടത്തിലെ വേലക്കാരായിരുന്ന അനേകംപേർ മാമോദീസാ സ്വീകരിച്ചു. വള്ളംകുളത്തെ ഒരു ഹൈന്ദവ സംഘടന ഇളകിവശായി. ഈ സുവിശേഷപ്രസ്ഥാനത്തിനെതിരായി ഒരു പ്രക്ഷോഭണം തന്നെ ആരംഭിച്ചു. ഒരു ഹരിജന ബാലികയെ ഒരു ഹൈന്ദവ (നായർ) കുടുംബത്തിൽ വേലയ്ക്കു നിറുത്തി. മാമോദീസാ മുങ്ങിയവരെ തിരികെ എടുക്കുവാനും പരിശ്രമങ്ങൾ നടന്നു. മുളപ്പനോട്ടുകണ്ടത്തിലെ പണിക്കാരി മറിയമുത്തി വയസ്സി പറഞ്ഞു "ഈ മറിയ മറിയത്തില്ല. ഞങ്ങൾക്കു യേശുതമ്പുരാനാ ഇനി മുതൽ ദൈവം" എന്ന്.

കാഞ്ഞിരമറ്റത്ത്, പ്രസിദ്ധമായ കണിയാമ്പറമ്പിൽ കുടുംബത്തിലെ ഒരു പുരയിടത്തിൽ ഒരു കൊച്ചു പുലക്കുടിൽ. ആശയറ്റ രണ്ടു ജീവൻ അതിനകത്തുണ്ട്. മക്കളില്ലാത്ത വൃദ്ധദമ്പതികൾ. പത്രോസ് ശെമ്മാശ്ശനും ഈ ലേഖകനും കൂടി അതിനകത്തേക്കു കുതിച്ചു കയറി. അവർ ഒരു കീറിയ തടുക്കുപായ പള്ളിതമ്പുരാനു ഇരിക്കാൻ ഇട്ടുകൊടുത്തു. തമ്പ്രാൻ അവരോടു വർത്തമാനം പറഞ്ഞ് അക്കൂട്ടത്തിൽ യേശുവിനെപ്പറ്റി പറഞ്ഞു. നല്ല ദേവന്റെ പാട്ടു പാടി. രണ്ടു ദിവസം കഴിഞ്ഞു പിന്നെയും പോയി. ആഴ്ചയിൽ രണ്ടു സന്ദർശനം കണിശം. അവർക്കു പള്ളിതമ്പ്രാനോടും ആ തമ്പ്രാൻ പറഞ്ഞുകൊടുത്ത യേശുതമ്പ്രാനോടും എന്തൊരു സ്നേഹം. അവരുടെ മുഖത്തെ മ്ളാനത മാറി ചിരിക്കാൻ തുടങ്ങി. "ആകാശത്തിലുള്ള ബാവായെ" വിളിക്കാൻ തുടങ്ങി. "നല്ല ദേവനെ" പാടുമ്പോൾ വയസ്സി തല കുലുക്കും. ചിരിക്കും, ഹോ, എന്തു മാറ്റം ആ കുടിലിനകത്തുണ്ടായി. ഒരു ദിവസം ആ വയോവൃദ്ധൻ പറഞ്ഞു. "തമ്പ്രാനെ, എനിക്കും തമ്പ്രാൻ പോണ പള്ളിയിൽ പോണം. കൊണ്ടു പോവ്വോ?"

കൊണ്ടുപോയി മാമോദീസാ കൊടുത്തു. അയൽപക്കത്തെ പഴയ സുറിയാനിക്കാരൻ സാക്ഷി പകർന്നു, അവർ രണ്ടുപേരും വിശ്വസ്തരായി മരിച്ചെന്ന്.

മറ്റൊന്നുകൂടി പറഞ്ഞുകൊള്ളട്ടെ. മുളന്തുരുത്തി എടപ്പാങ്ങാട്ടുപറമ്പിലെ ഒരു മാടം. വാർദ്ധക്യം ചുക്കിച്ചുളുക്കിയ രണ്ടു പേർ. 70–നോടു അടുത്ത വയസ്സൻ. 60 കഴിഞ്ഞ ഭാര്യ. രണ്ടു മക്കളുണ്ടായിരുന്നു. അവർ മരിച്ചുപോയി. ആശയില്ലാത്ത ജീവിതം തള്ളിനീക്കുകയാണ്. കഴുത്തിൽ മരക്കുരിശു ധരിച്ച സ്ളീബാദാസൻ ആ കുടിലിലേക്കു കയറിച്ചെന്നു. അവരോടൊപ്പമിരുന്നു സ്നേഹത്തോടെ സംസാരിച്ചു. എത്ര കഷ്ടപ്പെടുന്ന താണവനെയും സ്വീകരിച്ചാശ്വസിപ്പിച്ചു സ്വന്തമാക്കിത്തീർക്കുന്ന ഒരു ദൈവമുണ്ടെന്ന കാര്യം അവർ ക്രമേണ മനസ്സിലാക്കി. അവർ ഇടയ്ക്കിടയ്ക്കു ഈ കഥ കേൾക്കുമ്പോൾ ചിരിക്കുവാൻ തുടങ്ങി. യേശുതമ്പുരാൻ ക്രമേണ അവരുടെ സ്വന്തമായി. ആ കുടിലിൽ നിന്ന് നിരാശയും അനാഥത്വവും അകന്നു മാറി. നിത്യവും സന്ധ്യയ്ക്ക് അവിടെ പ്രാർത്ഥനാനാദം ഉയർന്നു തുടങ്ങി. അവർക്ക് മാമോദീസാ മുങ്ങണമെന്നു നിർബന്ധമായി. അവരെ വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെയും സാറായുടെയും പേരിനെ ആദരിച്ച് അബ്രഹാം, സാറാ എന്ന പേരിൽ മാമോദീസാ മുക്കി. അവർ ഇപ്പോൾ ഇല്ല. അവർ സന്തോഷത്തോടെ മരിച്ചതായി അയൽക്കാർ സാക്ഷിക്കുന്നു.

തിരുമേനി ആവിഷ്ക്കരിച്ച കുടിൽ സന്ദർശന പരിപാടി കുടിലിൽ വസിക്കുന്നവരെ പലപ്പോഴും സ്വർഗ്ഗത്തിലേക്ക് ഉയർത്തുവാൻ ഉപകരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ വേലയുടെ ഫലമായി മാമോദീസാ സ്വീകരിച്ചിട്ടുള്ള ആയിരക്കണക്കിനു അധഃകൃതർ കുടിൽ സന്ദർശനത്തിൽ കൂടിയായിരുന്നു ആദ്യമായി മിശിഹായെപ്പറ്റി അറിവാൻ ഇടയായത്.

❑

വചനതീർത്ഥം

വാങ്ങിപ്പിനു ശേഷം നാലാം ഞായർ
(വി. മർക്കോസ് 6:1–6)



ഫാ. ജെറിൻ ജോൺ അടൂർ

യേശു തന്റെ പിതൃ ദേശത്തു തിരസ്കരിക്കപ്പെടുന്നു. യേശുവിന് ഒരു അത്ഭുതം പ്രവർത്തിക്കുവാൻ കഴിയാതെ പോകുന്നു. ഈ കാര്യങ്ങളിലൂടെ കടന്നുപോകുന്ന വേദഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.

സ്വീകർത്താവിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആണോ യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്? മറ്റൊരു രീതിയിൽ പറഞ്ഞാൽ, മനുഷ്യന് വിശ്വാസം ഇല്ലാ എങ്കിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള യേശുവിന്റെ കഴിവും അധികാരവും പരിമിതപ്പെടുമോ? ഇവയൊക്കെയും ചിന്തിപ്പിക്കുന്ന വേദഭാഗം ആണ് ഇന്നത്തെത്.

യേശു തന്റെ പിതൃനഗരമായ നസ്രേത്തിൽ എത്തി. തൊട്ടടുത്ത ഗ്രാമങ്ങളിൽ യേശു ചെയ്ത അത്ഭുത പ്രവർത്തികൾ ഇവിടെയും ആവർത്തിക്കപെടും എന്ന പ്രതീക്ഷ ന്യായമായും ഉണ്ടായിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ യേശുവിന് നസ്രേത്തിൽ യാതൊരു അത്ഭുതപ്രവർത്തികളും ചെയ്യുവാൻ കഴിഞ്ഞില്ല. നസ്രേത്ത് യേശുവിന്റെ പിതൃദേശം ആണ്, യേശു ഇവിടെ ആണ് വളർന്നത്. ഇവിടേക്കുള്ള യാത്ര മർക്കോസും മത്തായിയും വിവരിക്കുന്നുണ്ട്.

യേശു നസ്രേത്തിലെ സിനഗോഗിൽ പോകുകയും ദൈവവചനം വായിക്കുകയും പഠിപ്പിക്കുകയും ചെയ്തു. കേട്ടവർ അനേകർ അവന്റെ അറിവിലും ആധികാരികതയിലും അതിശയിച്ചു.

അവരുടെ ചോദ്യം ഇതായിരുന്നു: "ഇവനു ഇവ എവിടെനിന്നു? ഇവനു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കയ്യാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്തു?"

അവർക്ക് യേശുവിന്റെ മരപ്പണിക്കാരനായ പിതാവിനെയും മറിയ എന്ന മാതാവിനെയും സഹോദരി സഹോദരന്മാരെയും അറിയാം. എന്നാൽ, ഒരു യഹൂദ റബ്ബി ആയി ശ്രുഷിക്കുവാൻ യേശുവിനെ പഠിപ്പിച്ച, പരിശീലിപ്പിച്ച, അധികാരപ്പെടുത്തിയ ഒരു ഗുരുവായ റബ്ബിയെക്കുറിച്ച് അവർക്ക് അറിവില്ല.

മറ്റൊരു അവസരത്തിൽ, യേശുവിന്റെ പഠിപ്പിക്കലുകൾ കേട്ട യഹൂദന്മാർ അതിൽ ആശ്ചര്യപ്പെടുകയും അവൻ അധികാരം ഉള്ളവനായി സംസാരിക്കുന്നു എന്ന് പറയുകയും ചെയ്തു എന്ന് നമ്മൾ വേദപുസ്തകത്തിൽ വായിക്കുന്നുണ്ട്.

അധികാരം ഉള്ളവൻ എന്നതുകൊണ്ട് അവിടെ ഉദ്ദേശിച്ചത്, ന്യായപ്രമാണങ്ങൾക്കും പ്രവാചകന്മാരുടെ ഉപദേശങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ നൽകുവാനും മനുഷ്യരുടെ ഇടയിലുള്ള തർക്കങ്ങളിൽ ഇടപെടുവാനുമുള്ള അധികാരം എന്നാണ്.

ഇതേ അധികാരങ്ങൾ ഉള്ള ഒരു യഹൂദ റബ്ബിയുടെ കീഴിൽ ശിഷ്യനായി പഠിക്കുകയും പരിശീലനം നേടുകയും ഗുരുവിൽ നിന്നും അധികാരം പ്രാപിക്കുകയും ചെയ്യുന്ന ശിഷ്യനായ റബ്ബിയ്ക്ക് മാത്രമേ അതേ അധികാരത്തോടെ ശുശ്രൂഷിക്കുവാൻ കഴിയൂ. ഇതാണ് യഹൂദ വിശ്വാസവും പാരമ്പര്യവും.

എന്നാൽ, യേശുവിന്റെ പിതൃദേശത്തുള്ളവർ യേശുവിന് അങ്ങനെ ഒരു ഗുരു ഉണ്ടായിരുന്നതായി കേട്ടിട്ടേ ഇല്ല. അതുകൊണ്ട് അവർ യേശുവിൽ വിശ്വസിച്ചില്ല. സാഹചര്യം ഇങ്ങനെ ആണ് എന്ന് വിശദമാക്കിയതിനു ശേഷം മർക്കോസ് രേഖപ്പെടുത്തുന്നു: "അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്‌വാൻ കഴിഞ്ഞില്ല."

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു: "എന്തുകൊണ്ടാണ് യേശുവിന് വീര്യപ്രവർത്തികൾ ചെയ്യുവാൻ കഴിയാതിരുന്നത്?" മർക്കോസ് തുടർന്നു പറയുന്നു: "അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു."

മത്തായി ഇത് അൽപ്പം വ്യത്യസ്തം ആയി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്: "അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവർത്തികളെ ചെയ്തില്ല."

ഈ വാക്യങ്ങളെ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം എന്ന് തോന്നുന്നു: നസ്രേത്തിലെ ജനങ്ങളുടെ അവിശ്വാസം നിമിത്തം യേശുവിന് വീര്യപ്രവർത്തികൾ യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല, അല്ലെങ്കിൽ യേശു വീര്യപ്രവർത്തികൾ ചെയ്തില്ല.

അതായത് യേശു വീര്യപ്രവർത്തികൾ ചെയ്യും എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നില്ല. അതായത് യേശുവിന്റെ കയ്യാൽ വീര്യപ്രവർത്തികൾ തൊട്ടടുത്ത ഗ്രാമങ്ങളിൽ നടക്കുന്നുണ്ട് എന്ന് അവർക്ക് അറിയാമായിരുന്നു.

യേശു ആരെയും സൌഖ്യമാക്കിയില്ല എന്നല്ല, ചില രോഗികൾ അവന്റെ അടുക്കൽ വരുകയും വന്നവരുടെ എല്ലാവരുടെയുംമേൽ യേശു കൈവെച്ച് സൌഖ്യമാക്കുകയും ചെയ്തു.

നമ്മളുടെ ചോദ്യത്തിന് ഇപ്പോഴും മറുപടി ആയിട്ടില്ല: എന്തുകൊണ്ടാണ് തന്റെ പിതൃദേശത്ത് യേശുവിന് വീര്യപ്രവർത്തികൾ ചെയ്യുവാൻ കഴിയാതിരുന്നത്? അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ യേശുവിന് മനുഷ്യരുടെ വിശ്വാസത്തിന്റെ പിൻബലം ആവശ്യമായിരുന്നുവോ? അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള യേശുവിന്റെ ശക്തിയും അധികാരവും മനുഷ്യരുടെ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നുവോ? യേശു അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച മിക്കയിടങ്ങളിലും സ്വീകർത്താക്കളുടെ വിശ്വാസം ആവശ്യപ്പെട്ടിരുന്നു.

എന്നാൽ മനുഷ്യരുടെ വിശ്വാസത്തിൽ അധിഷ്ഠിതമായല്ല യേശുവിന്റെ ശക്തിയും അധികാരവും പ്രവർത്തിച്ചിരുന്നത്. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ ചെയ്യുവാനുള്ള അധികാരത്തെ മനുഷ്യരുടെ അവിശ്വാസത്തിനു തടഞ്ഞു നിറുത്തുവാൻ കഴിഞ്ഞിരുന്നില്ല. മനുഷ്യരുടെ അവിശ്വാസത്തെ മറികടന്നുകൊണ്ട് പ്രവർത്തിക്കുവാൻ യേശുവിന് കഴിയുമായിരുന്നു.

യോഹന്നാൻ എഴുതിയ സുവിശേഷം 5:38 ൽ വർഷങ്ങൾ ആയി രോഗി ആയിരുന്ന ഒരു വ്യക്തിയെ സൌഖ്യമാക്കുന്നതു വിവരിക്കുന്നുണ്ട്. യേശു യെരുശലെമിലുള്ള ബേഥെസ്ദാ എന്ന കുളത്തിനരികെ ചെന്നു. പലവിധത്തിൽ ഉള്ള രോഗം ബാധിച്ചവർ ആ കുളത്തിൻറെ വക്കിൽ കിടപ്പുണ്ടായിരുന്നു.

ചില പ്രത്യേക സമയത്ത് ഒരു ദൂതൻ ഇറങ്ങിവന്ന് ഈ കുളത്തിലെ വെള്ളം കലക്കും എന്നും അപ്പോൾ ആദ്യം ഇറങ്ങുന്ന രോഗിയായ വ്യക്തി സൌഖ്യം പ്രാപിക്കും എന്ന് അവർ വിശ്വസിച്ചിരുന്നു. അങ്ങനെ അനേകർക്ക് സൌഖ്യം ലഭിച്ചുകൊണ്ടിരുന്നു.

അവിടെ ഉണ്ടായിരുന്ന വലിയ ജനക്കൂട്ടത്തിന്റെ നടുവിൽ മുപ്പത്തിയെട്ടു വർഷങ്ങൾ ആയി രോഗിയായിരിക്കുന്ന ഒരു മനുഷ്യനെ യേശു ശ്രദ്ധിച്ചു. "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ" എന്നു യേശു അവനോടു ചോദിച്ചു.

ആ മനുഷ്യന് അത് യേശു ആണന്നോ, യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ ആണന്നോ അറിയുമായിരുന്നില്ല. അവന്റെ ഏക പ്രതീക്ഷ വെള്ളം കലങ്ങുന്നതായിരുന്നു.

അവൻ യേശുവിനോട്: "യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു" എന്നു ഉത്തരം പറഞ്ഞു. അവന്റെ വാക്കുകൾ വിശ്വാസത്തിന്റെ വാക്കുകൾ അല്ല. അവൻ പാപങ്ങൾ ഏറ്റു പറയുകയോ പാപക്ഷമക്കായി അപേക്ഷിക്കുകയോ ചെയ്തില്ല. കുളത്തിലെ വെള്ളം കലങ്ങുമ്പോൾ വെള്ളത്തിൽ ആദ്യം ഇറങ്ങുവാൻ സഹായിക്കേണമേ എന്നുപോലും അവൻ യേശുവിനോട് അപേക്ഷിച്ചില്ല.

അവൻ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്നതെ ഇല്ല. അവന്റെ വാക്കുകൾ നിറയെ നിരാശ ആയിരുന്നു. എന്നിട്ടും യേശു അവനെ സൌഖ്യമാക്കി; യേശു അവനോടു പറഞ്ഞു: "എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക." ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.

ഇവിടെ ഒരു മനുഷ്യന്റെ വിശ്വാസത്തിൽ അധിഷ്ഠിതമാല്ലാതെ യേശു ഒരു അത്ഭുതം പ്രവർത്തിക്കുക ആയിരുന്നു. അതായത്, അവനെ സൌഖ്യമാക്കുവാൻ യേശു ആശ്രയിച്ചത് തന്റെ സ്വന്തം വിശ്വാസത്തിലും തന്റേമേലുള്ള പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും ആണ്.

◆

Church Calendar



TRADING OUR FOLLIES TO GET BLESSINGS FROM GOD

(FOURTH SUNDAY AFTER SHUNOYO, MARK 06: 1-6)

Fr. Sajoie Samuel

It is universally acknowledged that when we do something good, we get good in return. Similarly when we do something bad we get an equivalent return. Hence the maxim, 'You Sow What You Reap'. But with God the yardstick is a bit unpredictable. His overflowing mercy changes even our heinous crimes to moments of blessing for us. So our blunders become a platform for God to bless us. Otherwise how can we justify a merciful father, abundant with the milk of human kindness to forgive a brat and impudent son like the Prodigal son (Luke 15). Or what justification can we provide for that one instant of repentance that the thief on the cross had, which was potent enough to wipe away the transgressions of a burglar's lifetime (Luke 23:42).

The Gospel portion opens with Jesus being in Nazareth to teach in the Synagogue. But the people there humiliate Him, raising questions on His pedigree. Jesus is amazed by their lack of belief and is unable to do any miracles there.

The purpose of this article is two pronged. I firstly aim to highlight the folly the villagers commited in slighting the pedigree of Jesus. Secondly, they did a graver mistake by judging Jesus' acts through the lens of a weak faith. Lets delve deep into the two blunders the Nazarites did.

I. THE NAZARITES TRADED THEIR DOUBTS OF JESUS' EARTHLY FATHER TO GAIN OWNERSHIP OF BEING HEAVENLY HEIRS

The father son relationship was cardinal in the Jewish tradition. Jesus refers to Peter as 'Simon son of Jonah' (Matt 16:17). Similarly, it was an honor and responsibility of a son to bury his father (Matt 8:21). When John the Baptist was born, the kinsmen preferred to name him Zechariah (Luke 1:59). This was because there was a tradition that if the father had a handicap, the son would take the name of the father and achieve what the former could not. It was a privilege for the son to carry on the work that the father had done as a source of livelihood. Hence James and John can be seen mending their nets along with their father Zebdee (Mark 01:19).

Now the biggest insult that can be hurled on an individual is to call him fatherless. The kinsmen of Jesus knew His family trade, His mother, His whereabouts but they are least interested to acknowledge the role played by St. Joseph as the father. Even if Joseph was dead, even still they were to refer to Jesus as the son of Joseph. The kinsmen just took the contempt they had towards Jesus to a new level. Hence they stoop so low as to call Jesus to be the illegitimate son. But where human contempt increases towards God, His love towards us doubles manifold.

Now let's look at this biologically. During the conception, it is widely known that a baby draws nutrition from the mother. But the traits of the blood are drawn from the blood supply which is determined by the father. Therefore, the fact that Jesus being conceived supernaturally without a human father, and developing in the womb without drawing blood from His mother meant that His blood, unlike any other blood in human history, was free from human pollution of any kind and hence was able to cleanse us of our sins.

II. THE NAZARITES TRADED THEIR LACK OF FAITH IN JESUS AND GOT REDUCED PUNISHMENT FOR IT IN RETURN

Once a young car enthusiast went to a car exhibition. A lot of high end cars were put up by leading brands to get public mileage. After having seen a dozen cars, the young man spoke to an engineer standing there. "I don't see any great significance in the cars exhibited here". The engineer replied, "The cars are not what's on trial here sir. The visitors are". The cars had their own value, but the visitors who visited should have the right acumen to understand them. If we see a Rolls-Royce Phantom and see it just as another car then it is we who need an orientation and not the car. Similarly, if Jesus did a miracle, but it wasn't accepted by the people, that doesnt mean the miracle performed is baseless.

The blind could see, the deaf could hear, the name could walk, those who were in shackles of evil spirits were set free. Jesus did miracles that none before Him had done. Never before had heaven opened and God approve of a human being. The second grave mistake that they did to Christ was downgrade the miracles He did. Let us just take an instant to contemplate all the good things that God has bestowed upon us without even we asking it. Still when a small mishap happens in our life, we tend to have the same approach like that of the Nazarites.

Inspite of such a steep setback, Jesus still is all mercy to His people. There is a reason why He did no mighty works there. It's not because He was weak. Its because if He did any mighty deeds there, and they would not believe in Him, it would be a great punishment for them. But why did Jesus, being aware of the attitude of his villagers, still go there to teach? So that none of them would later complain that He avoided them.

To wind up, we may go to God's presence with thousands of pre conceived notions. But God is the epitome of love. He will still love us. But if we are still defiant in our prejudices then judgment is knocking at our doors. Before I sign off, let me share the lyrics of the song from where I borrowed my title of the article. HAPPY TRADING TO ALL.

I'm trading my sorrows
I'm trading my shame
I'm laying them down for the joy of the Lord
I'm trading my sickness
I'm trading my pain
I'm laying them down for the joy of the Lord

Yes Lord, yes Lord, yes yes Lord
Yes Lord, yes Lord, yes yes Lord
Yes Lord, yes Lord, yes yes Lord, Amen.

◆



നവജ്യോതി മോംസ് തിരുവനന്തപുരം ഭദ്രാസന വാർഷിക സമ്മേളനം ആലഞ്ചേരി പള്ളിയിൽ നടന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്തുയ ഭദ്രാസന ഉപാധ്യക്ഷൻ ഫാ. വർഗ്ഗീസ് ടി. വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. ഡോ. സൂസൻ ജോൺ കെ. ക്ലാസ്സ് നയിച്ചു.



നഥാനിയേൽ റമ്പാൻ രചിച്ച മൈലപ്ര മാത്യൂസ് റമ്പാന്റെ ജീവിതത്തിൽ നിന്ന് അനുഭവിച്ചറിഞ്ഞ ജീവിത കഥകളുടെ സമാഹാരമായ 'മൗനശൈലം' എന്ന പുസ്തകം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പ്രകാശനം ചെയ്തു.



സോപന ഓർത്തഡോക്സ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ പഴയ സെമിനാരിയിൽ നടത്തിയ ഫാ. ഡോ. റ്റി. ജെ. ജോഷ്വ അനുസ്മരണവും വേദവ്യാഖ്യന സിംപോസിയവും എം.ജി സർവ്വകലാശാല പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ അദ്ധ്യക്ഷൻ ഫാ. ഡോ. കെ. എം. ജോർജ് ഉദ്ഘാടനം ചെയ്തു. സെമിനാരി പ്രിൻസിപ്പാൾ ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു."


– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ് പ്രിൻസിപ്പലായി സുവോളജി വിഭാഗം അധ്യക്ഷനും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ബിജു എ. ചുമതലയേറ്റു.





കേരളാ സർവകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പരിയാരം ഇടവകാംഗവും, സൺഡേ സ്ക്കൂൾ അദ്ധ്യാപികയും, കോട്ടയം BCM കോളജ് അദ്ധ്യാപികയുമായ നേഹാ നിധിൻ (W/o Nidhin Abraham, Thokkathu).



അമൃത സ്കൂൾ ഓഫ് മൈക്രോ ബയോളജിയിൽ നിന്നും എം.എസ്.സി മൈക്രൊ ബയോളജിയിൽ ശ്വേതാ സൂസൻ തോമസ് ഒന്നാം റാങ്ക് നേടി. കായംകുളം കാദീശാ കത്തീഡ്രൽ ഇടവകാംഗമായ കൊട്ടയ്ക്കാട് സുജന്റെയും ജീനയുടെയും മകളാണ്.

എക്കോ ഫ്രണ്ട്ലിയായി പ്ലാസ്റ്റിക് വേസ്റ്റിനെ മീഥേൻ ആക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിൽ നിന്ന് പേറ്റന്റ് അനുവദിച്ചു



കോട്ടയത്തെ Saint Gits College of Applied Sciences team-ന് ഇന്ത്യാ ഗവൺമെന്റിൽ നിന്ന് പേറ്റന്റ് അനുവദിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങളെ മീഥേനാക്കി മാറ്റുന്നതിനെ കുറിച്ച് Abel Abraham Jacob (B.com Student) മനസ്സിൽ ഉദിച്ച ലളിതവും നവീനവുമായ ഒരു ആശയം ഈ സ്ഥാപനം പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും പേറ്റന്റ് തലത്തിലേക്ക് ഉയർത്തുകയും ചെയ്തു.

ടീം മെമ്പേഴ്സ്: Abel Abraham Jacob, Dr. Vishnu Prasad, Dr. Anish B. Bhaskaran, Dr. Binu K. Mathew & Dr. Mathew Jacob (Principal).

കോട്ടയം തൃക്കോതമംഗലം വന്നല മുട്ടത്തുതറ സിജു-സൈനോ ദമ്പതികളുടെ മകനാണ്. സഹോദരി ഏഞ്ചൽ. കുവൈറ്റ് സെന്റ് ബേസിൽ ഇന്ത്യൻ ഓർത്തഡോക്സ് ഇടവകാംഗമാണ്. പുതുപ്പള്ളി വലിയപള്ളിയാണ് മാതൃഇടവക.